KNANAYADEEPAM

# ക്നാനായദീപം

SINCE 1989

Vol: 33 / Issue: 4 April 2022 ₹ :10/-



## 40 – ാം ചരമദിനം

**05 – 04 – 2022**

*For ever in our hearts, in our life and our memories*



Advt - O

# സുമ തോമസ് (64)

**മണിമലേത്ത്, അങ്ങാടി, റാന്നി**

"ഞാൻ തന്നെ പുനഃരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും." (John 11:25)

# ക്നാനായ ദീപം

SINCE 1989

2022 ഏപ്രിൽ പുസ്തകം 33 ലക്കം 4

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ഉയിർപ്പ്: അവസാനിക്കാത്ത പ്രതീക്ഷ 08
ഫാ. ഡോ. തോമസ് ഏബ്രഹാം, മലേശ്ശേരിൽ

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും 10
റ്റി.സി. തോമസ് തോപ്പിൽ

20-ാമത് ക്നാനായ കൺവൻഷൻ 19
ജിജി ഏബ്രഹാം കറുകേലിൽ

പരീക്ഷ, ഒന്ന് നന്നായി തയ്യാറെടുക്കാം! 21
സുനിൽ ഡി. കുരുവിള

മാതൃകാ കുടുംബജീവിതം 23
ഫാ. ഡോ. ജയിംസ് തോടത്തിൽ

ദുഃഖവെള്ളി ധ്യാനം 25
ലീലാമ്മ ഏബ്രഹാം പാലക്കുടി

സ്പോക്കൺ ഇംഗ്ലീഷ് 27
കുര്യൻ ജോസഫ് മുട്ടത്തുകടവിൽ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 30

39 ഏവൻഗേലിയോൻ ദീപം

42 മല്പാനോടു ചോദിക്കാം

43 മാനസാന്തരം
അമ്മാൾ രാജൻ

44 നിങ്ങളുടെ ഉപബോധമനസ്സിന്റെ ശക്തി
റിയു റോയി മുളമൂട്ടിൽ

45 അമ്മ
പുളിങ്കുന്ന് ലൂക്കാ

46 കാൽപ്പാടുകൾ
എബി

47 മാട്രിമോണിയൽ



SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.



**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)


Visit www.
knanayadeepam.in


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
0481-2961213
Mob. 85475 84440
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**ക്രിസ്തീയ മൂല്യങ്ങളെ മുറുകെപ്പിടിച്ചു കൊണ്ട് മുമ്പോട്ട് പോകുവാൻ നോമ്പു കാലത്തു നാം പ്രത്യേകം ശക്തിയാർജി ക്കേണ്ടിയിരിക്കുന്നു. വിശുദ്ധിയിലും ക്രിസ്തീയ സുകൃതങ്ങളിലും പുഷ്ടിപ്പെടു ന്നതിന് പ്രാർത്ഥനയും ഉപവാസവും ഒഴി ച്ചുകൂടാൻ പാടില്ലാത്ത ആയുധങ്ങളാണ്.**

കർത്താവിൽ പ്രിയരെ,

ഇപ്പോൾ വലിയ നോമ്പിന്റെ കാലഘട്ടമാണല്ലോ. നമ്മുടെ കർത്താവിന്റെ പീഡാനുഭവങ്ങളെ അനുസ്മരിച്ചു കൊണ്ട് ഉയിർപ്പുപെരുന്നാളിനു മുമ്പായി നോമ്പാചരിക്കുക എന്നത് ആദിമകാലം തൊട്ടുതന്നെ സഭയിൽ നിലനിന്നു വ രുന്ന പാരമ്പര്യമാണ്. ജീവിതയാത്രയിൽ മുമ്പോട്ടും പിൻപോട്ടും നോക്കുന്നതിനുള്ള ഒരവസരമാണ് നോമ്പ്. കോവിഡ് ഒന്നും രണ്ടും മൂന്നും തരംഗങ്ങൾ കേരളത്തിലും വളരെ രൂക്ഷമായി ബാധിച്ചിട്ടുണ്ട്. കോവിഡ് ജനജീവിതത്തിന് ഏൽപ്പിക്കുന്ന ആഘാതം ചെറുതല്ല. പ്രത്യേകിച്ച് സാമ്പത്തിക മേഖലയിൽ കോവിഡ് ബാധിച്ച് ജനങ്ങളുടെ വരുമാനം കുറയുന്ന സാഹചര്യമുണ്ട്. കോവി ഡാനന്തരലോകം പ്രതിസന്ധിയിലൂടെ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. മഹാമാരിവിതച്ച നഷ്ടം എണ്ണി തിട്ടപ്പെടുത്താവുന്നതല്ല. വലിയ സാമ്പത്തിക പ്രതി സന്ധിയും ലക്ഷക്കണക്കിന് മരണങ്ങളുംകൊണ്ട് കാലിടറിയ ഒരു രാഷ്ട്രത്തിലാണ് നാം ജീവിക്കുന്നത്. രാജ്യത്തെ 84% കുടുംബങ്ങളുടേയും വരുമാനം വല്ലാതെ കുറഞ്ഞുവെന്നും അതേ സമയം ശതകോടീശ്വരന്മാരുടെ എണ്ണം 102ൽ നിന്നും 142 ലേക്ക് ഉയർന്നതായും World Economic Form റിപ്പോർട്ടിൽ പറയുന്നു. ആഗോള പട്ടിണി സൂചികയിൽ 101–ാം സ്ഥാനത്താണ് ഇൻഡ്യ. കാർഷിക മേഖലയിലെ തകർച്ച കൃഷിക്കാരെ ആത്മഹത്യയിലേക്ക് നയിക്കുമ്പോൾ തൊഴി ലിടങ്ങളിലെ തകർച്ച തൊഴിലാളികളെ മദ്യപാനത്തിലേക്കും കുടുംബ കലഹങ്ങളിലേക്കും തള്ളിയിടുന്നു. സമൂഹത്തിന്റെ കെടുതികൾ മാറ്റുന്ന പരിവർത്തനം ആവശ്യമുള്ള സന്ദർഭ ത്തിൽ നാം എത്തിയിരിക്കുന്നു. ആത്മീയ ജീവിതത്തിലെ നമ്മുടെ ആസ്തിബാദ്ധ്യതകൾ തിട്ടപ്പെടുത്താനുള്ള സമയം ജീവിതലക്ഷ്യങ്ങൾ വ്യക്തമായി ദർശിച്ചുകൊണ്ട്, ക്രിസ്തീയ മൂല്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട് മുമ്പോട്ട് പോകുവാൻ നോമ്പുകാലത്തു നാം പ്രത്യേകം ശക്തിയാർജിക്കേണ്ടിയി രിക്കുന്നു. വിശുദ്ധിയിലും ക്രിസ്തീയ സുകൃതങ്ങളിലും പുഷ്ടിപ്പെടുന്നതിന് പ്രാർത്ഥനയും ഉപവാസവും ഒഴിച്ചുകൂ ടാൻ പാടില്ലാത്ത ആയുധങ്ങളാണ്. ഉപവാസത്തിന്റെയും മറ്റും ഫലമായി നീക്കിവയ്ക്കുന്നത് ദാനമായി കൊടുക്കാൻ കഴിഞ്ഞാൽ അതു വളരെ നല്ലതാണ്. നമ്മുടെ ധനവും സമ യവും കഴിവും ശരീരവും മനസ്സും എല്ലം ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന ട്രസ്റ്റ് ആണെന്നും ദൈവകൃപയിൻ പ്രകാരം മാത്രം അവ ഉപയോഗിക്കപ്പെടണമെന്നുമുള്ള ബോധം നമുക്കുണ്ടാകണം. നോമ്പിൽ ലഭിക്കുന്ന ശിക്ഷ ണവും ബോധവും നോമ്പുവീടിക്കഴിഞ്ഞാലും നമ്മെ വിട്ടു പോകാതിരിക്കുകയും വേണം. നോമ്പിന്റെ അവസാനം നാം കർത്താവിന്റെ ഉയിർപ്പുപെരുന്നാൾ ആഘോഷിക്കുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ അതിരാവിലെ ഉയിർത്തെഴു ന്നേറ്റ ക്രിസ്തു. യിസ്രായേൽ ജനങ്ങൾ ആചരിക്കേണ്ട പെരു ന്നാളുകളെപ്പറ്റി ലേവ്യാ പുസ്തകം 23–ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. ഉല്പത്തിപുസ്തകത്തിൽ ആഴ്ചവട്ടത്തിന്റെ 6–ാം ദിവസത്തിലാണ് ദൈവം മനുഷ്യനെ ഉണ്ടാക്കിയത് (ഉല്പ. 1:26–31). പാപികളായ മനുഷ്യരുടെ വീണ്ടെടുപ്പിനായി യേശു കഷ്ടമനുഭവിച്ചതും 6–ാം ദിവസമായിരുന്നു. ക്രൂശീ കരണം നടന്നത് പകൽ 3–ാം മണി നേരത്തും മരണം 9–ാം മണി നേരത്തും ആയിരുന്നു. ഈ ദിവസം ശബ്ബത്തിന്റെ തലേ ദിവസം ആയ ഒരുക്കനാൾ ആയിരുന്നു. (മർക്കോ 15:42.) പിറ്റേ ദിവസം ശബ്ബത്തായതിനാൽ ശവങ്ങൾ ക്രൂശിൽ ഇരിക്കാൻ പാടില്ലാത്തവരായിരുന്നു. 6–ാം ദിവസം സന്ധ്യസമയത്ത് യോസഫ് തന്റെ കല്ലറയിൽ യേശുവിന്റെ ശരീരം വച്ചു. കല്ലറ വാതിൽ അടച്ചു. 7–ാം ദിവസം ശബ്ബത്താണ്. ശബ്ബത്ത് കഴി ഞ്ഞശേഷം സന്ധ്യക്ക് മഗ്ദലക്കാരിത്തി മറിയയും ശലോ മിയും ചെന്നു സുഗന്ധവർഗ്ഗംവാങ്ങി (മർക്കോ.16:1). പിറ്റേ ദിവസം ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതിരാവിലെ അവർ കല്ലറയ്ക്കുപോയി. ആബീബ് മാസം 15ന് യേശു മരിച്ചു. 16ന് ശാബ്ബത്ത്. 17ന് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ യേശു ഉയിർത്തെഴുന്നേറ്റു. ഇതാണ് ചരിത്രം പറയുന്നത്. അങ്ങനെ എങ്കിൽ മാനവചരിത്രത്തിലെ ഉജ്ജ്വലമായൊരു അദ്ധ്യായ മാണ് യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ്. കാലവും ലോകവും ഈ അത്ഭുത പ്രശോഭിതമായ സംഭവത്തിന്റെ മുഖത്തു കരി തേച്ചു കാണിക്കാൻ വെമ്പൽ കൊള്ളുമ്പോൾ കാലത്തിന്റെ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ടും, ബുദ്ധിരാക്ഷസ ന്മാർക്കും, വിവിധ രാഷ്ടീയ ഭീഷ്മാചാര്യന്മാർക്കും ഒരു ചോദ്യചിഹ്നമായും നിരീശ്വരവാദികൾക്ക് തലവേദനയായും, ക്രിസ്ത്യാനിത്വം എന്ന ഒന്നില്ല എന്നു വിളിക്കുന്ന മതഭ്രാന്ത ന്മാർക്ക് ചുട്ട മറുപടിയായും യേശുക്രിസ്തുവിന്റെ കല്ലറ ഇന്നും തുറന്നു കിടക്കുന്നു. മരണത്തെ ചവിട്ടി മെതിച്ചശേഷം അവൻ ശക്തിയോടെ ഉയരത്തിലേക്കു കരേറിപ്പോയി. ദൈവ മക്കൾ സ്വപ്നം കണ്ടുകൊണ്ടിരിക്കുന്നതുപോലെ യേശു കർത്താവ് വേഗം മടങ്ങിവരും. അവന്റെ വരവിൽ ക്രിസ്തു വിൽ മരിച്ചവരെല്ലാം ഉയിർത്തെഴുന്നേൽക്കും. ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കു ന്നവൻ മരിച്ചാലും ജീവിക്കും എന്ന വചനം ഗാംഭീ ര്യമേറിയതാണ്. ദൈവമക്കളുടെ സ്വപ്നങ്ങളും പ്രത്യാശയു മെല്ലാം പൂവണിയുവാൻ സമയം സമാഗതമായിരിക്കുകയാ ണ്. നാം ഈ ആയുസ്സിൽ മാത്രം പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരാലും അരിഷ്ടന്മാരത്രേ. 1.കോരി 15:19.

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**



# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

"

**യഹൂദരെ സംബന്ധിച്ച് അത്തിയും, ഒലിവും, മുന്തിരിയും, വയലുകളും, ആടുമാടുകളും ഒക്കെത്തന്നെ അവരുടെ അതിജീവനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളാണ്. എന്നിട്ടും ഹബ്ക്കുക്ക് പ്രവാചകൻ പ്രാർത്ഥിക്കുകയാണ്, ഇവയൊക്കെ നഷ്ടപ്പെട്ടാലും ഞാൻ എന്റെ ദൈവത്തിൽ സന്തോഷിക്കും. ഒരു ക്രൈസ്തവവിശ്വാസി എപ്രകാരമായിരിക്കണമെന്ന് ഇതിലൂടെ വ്യക്തമാക്കുകയാണ്.**

"

വാത്സല്യ മക്കളെ,

ഹബ്ക്കുക്ക് പ്രവാചകൻ ഇപ്രകാരം പ്രാർത്ഥിച്ചു "അത്തിവൃക്ഷം തളിർക്കാതിരുന്നാലും, മുന്തിരിവള്ളിയിൽ ഫലങ്ങൾ ഇല്ലാതായാലും ഒലിവുമരത്തിൽ കായ്കൾ ഇല്ലാതായാലും വയലുകളിൽ ധാന്യ വിളവില്ലാതായാലും ആട്ടിൻകൂട്ടം ആലകളിൽ അറ്റുപോയാലും, തൊഴുത്തുകളിൽ കന്നുകാലികൾ ഇല്ലാതെ പോയാലും, ഞാൻ കർത്താവിൽ ആനന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും. ദൈവമായ കർത്താവത്രേ എന്റെ ബലം! (ഹബ. 3:17-19).

യഹൂദരെ സംബന്ധിച്ച് അത്തിയും, ഒലിവും, മുന്തിരിയും, വയലുകളും, ആടുമാടുകളും ഒക്കെത്തന്നെ അവരുടെ അതിജീവനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളാണ്. എന്നിട്ടും ഹബ്ക്കുക്ക് പ്രവാചകൻ പ്രാർത്ഥിക്കുകയാണ് ഇവയൊക്കെ നഷ്ടപ്പെട്ടാലും ഞാൻ എന്റെദൈവത്തിൽ സന്തോഷിക്കും. ഒരു ക്രൈസ്തവവിശ്വാസി എപ്രകാരമായിരിക്കണമെന്ന് ഇതിലൂടെ വ്യക്തമാക്കുകയാണ്.

നിരിശ്വര ചിന്തകനായ വോൾട്ടയർ മരണശയ്യയിൽ കിടക്കുമ്പോൾ തന്റെ നിരീശ്വരവിശ്വാസവും, പ്രവർത്തികളും തെറ്റായിരുന്നുവെന്ന് അദ്ദേഹത്തിന് ബോധ്യം വന്നു. ഒരു പുരോഹിതനെ കാണുവാനും ഒന്ന് കുമ്പസാരിക്കുവാനും അദ്ദേഹം തീവ്രമായി ആഗ്രഹിച്ചു എന്നാൽ നിരീശ്വര വിശ്വാസം തലയ്ക്കു പിടിച്ചിരുന്ന അദ്ദേഹത്തിന്റെ ശിഷ്യന്മാർക്ക് അത് അപമാനകരമായി തോന്നി. അവർ അദ്ദേഹത്തിന്റെ ആഗ്രഹം കേട്ടതായി നടിച്ചില്ല. തന്നെ ചികിത്സിക്കുന്ന ഡോക്ടറോട് അദ്ദേഹം പറഞ്ഞു "യേശുക്രിസ്തു ദൈവമാണെന്നും സകലരും ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കണമെന്നും എനിക്ക് ലോകത്തെ അറിയിക്കണം. എന്റെ തെറ്റിപ്പോയ നിലപാടുകൾ തിരുത്തി ഒരു പുതിയ ജീവിതം നയിക്കണം". എന്നാൽ ഡോക്ടറുടെ വാക്കുകളിലൂടെ താൻ വളരെ വൈകിപ്പോയി എന്നു മനസ്സിലാക്കിയ അദ്ദേഹം വലിയ നിരാശയോടെ ലോകത്തോട് വിടപറഞ്ഞു. ലോകത്തെയും ലോകത്തിന്റെ മോഹങ്ങളെയും പൈശാചിക ആശയങ്ങളേയും ഉപേക്ഷിച്ച് നമ്മുടെ ജീവിതത്തിൽ ഒന്നാംസ്ഥാനം ദൈവത്തിനുനൽകി യഥാർത്ഥ ക്രൈസ്തവ വിശ്വാസിയായി മാറുവാൻ നമുക്ക് പരിശ്രമിക്കാം.

യഹൂദന്മാരെ പേടിച്ച് ഭയവിഹ്വലരായി ഓടി വീണ്ടും വലയും വള്ളവുമായി പഴയ തൊഴിൽ തേടി പുറപ്പെട്ട ശിഷ്യഗണം യേശുവിന്റെ ഉയിർപ്പിന്റെ സാക്ഷികളായി ചെന്നായ്ക്കളുടെ നടുവിൽവന്നു എന്നത് ചരിത്രത്തിൽ തലയുയർത്തി നിൽക്കുന്ന വസ്തുതയാണ്. യേശുക്രിസ്തുവിന്റെ ഉയിർപ്പ് ചരിത്രസത്യമാക്കി അതിൽ ഊറ്റം കൊള്ളുകയല്ല ഇന്നിന്റെ ആവശ്യം. പുനരുത്ഥാനത്തിന്റെ ശക്തി വ്യാപരിക്കുന്നത് കഷ്ടാനുഭവങ്ങളെ ചേർത്തു പിടിക്കുന്ന വ്യക്തിജീവിതങ്ങളെയാണ്.

പുനരുത്ഥാനത്തിന്റെ ശക്തിയും കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയും ഒരു നാണയത്തിന്റെ രണ്ടുവശങ്ങളാണ്. പഴയ മനുഷ്യനെ അവന്റെ പ്രവർത്തികളോടെ ഉരിഞ്ഞു കളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കാം.

വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ മാത്രം നോക്കി നമുക്കും യാത്ര തുടരാം.

ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല, അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നൽകിയിരിക്കുന്നു. (ഫിലി.1:29).

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**

**സമുദായ മെത്രാപ്പോലീത്ത**

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ട ക്നാനായ സമുദായ അംഗങ്ങളെ,

കഴിഞ്ഞ രണ്ടുവർഷമായി കോവിഡ് എന്ന മഹാമാരി ലോകത്തെ തന്നെ കീഴടക്കി തേർവാഴ്ച നടത്തുകയായിരുന്നല്ലോ. അതിന്റെ അലയടികൾ നമ്മുടെ സമുദായത്തെയും ബാധിക്കുകയുണ്ടായി. ദൈവകൃപയാൽ വലിയ തോതിലുള്ള ആൾനാശമൊന്നും നമുക്കുണ്ടായില്ല എന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. എന്നിരുന്നാലും സാമ്പത്തികമായും സാമൂഹ്യപരമായും കുറെ പ്രശ്നങ്ങൾ നമുക്കും ഉണ്ടായി. എന്നാൽ ഉറച്ച ദൈവാശ്രയത്തോടെയും ലക്ഷ്യബോധത്തോടെയും മുമ്പോട്ടുനീങ്ങിയ ക്നാനായ കമ്മിറ്റി ഒരുവിധം എല്ലാ വൈതരണികളെയും മറികടന്നു എന്നുള്ളത് സന്തോഷപൂർവ്വം അറിയിക്കുകയും ആയതിനു ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ഈ വിഷമഘട്ടത്തിൽ പ്രാർത്ഥനയോടുകൂടി ഞങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും തന്ന അഭി.സമുദായ മെത്രാപ്പോലീത്തായോടുള്ള നന്ദിയും സ്നേഹവും ഭക്തിയാദരവുകളും അറിയിക്കുന്നതോടൊപ്പം ഞങ്ങളോട് സഹകരിച്ച എല്ലാ സമുദായ അംഗങ്ങളോടും നന്ദിയും അറിയിക്കുന്നു.

ഈ ബുദ്ധിമുട്ടിനിടയിലും സമുദായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം ഒന്നും ഉണ്ടാകാതെ മുന്നോട്ട് പോകുവാനും കമ്മിറ്റിയ്ക്ക് സാധിച്ചു. കേസുകളുടെ ബാഹുല്യം ഒരു വലിയ പ്രശ്നം തന്നെയാണ്. സമുദായത്തിന്റെ വികസന പ്രവർത്തനത്തിന് ഉപയോഗിക്കേണ്ട പണവും സമയവും കേസുകൾ നടത്തുന്നതിനുവേണ്ടി ഉപയോഗിക്കേണ്ടിവരുന്നു. ദൈവം അവർക്ക് ഒക്കെ നല്ല ബുദ്ധി കൊടുത്ത് ഇതൊക്കെ അവസാനിപ്പിച്ചു അവരെ നേർവഴിക്ക് നടത്തട്ടെ എന്ന് പ്രാർത്ഥിക്കാം.

ഇപ്പോൾ കോവിഡിന്റെ രൂക്ഷത കുറഞ്ഞു. സർക്കാരിൽ നിന്നും ഉണ്ടായിരുന്ന വിലക്കുകൾ ഒക്കെ മാറി. ഇനിയും ഈ മഹാമാരി പടർന്നു പിടിക്കാതിരിക്കാനായി നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. ഈ കാലയളവിൽ സർക്കാരിന്റെ വിലക്കുകൾ മൂലം 2020 ജനുവരിയ്ക്ക് ശേഷം നമുക്ക് ക്നാനായ അസ്സോസിയേഷൻ കൂടുവാൻ സാധിച്ചിരുന്നില്ല. അതുകൊണ്ട് അത്യാവശ്യമായ കാര്യങ്ങൾ പലതും മുടങ്ങിക്കിടക്കുകയാണ്. സമുദായത്തിന്റെ കണക്കുകൾ പാസ്സാക്കുക, അസ്സോസിയേഷൻ പ്രസിഡന്റിനെയും സമുദായ ട്രസ്റ്റിയെയും തെരഞ്ഞെടുക്കുക, പല വികസന പ്രവർത്തനങ്ങളുടെയും അംഗീകാരം തുടങ്ങിയ പ്രധാനപ്പെട്ട കാര്യങ്ങൾ അസ്സോസിയേഷനിൽ കൂടെയാണ് നടത്തേണ്ടത്. ഇപ്പോൾ അതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റിനെയും സമുദായ അൽമായ ട്രസ്റ്റിയുടെയും തിരഞ്ഞെടുപ്പിന് മുൻഗണന കൊടുത്തുകൊണ്ട് എത്രയും പെട്ടെന്ന് അസ്സോസിയേഷൻ വിളിച്ചുകൂട്ടുവാനും ഈ കാര്യങ്ങൾ നടത്തുവാനും ക്നാനായ കമ്മിറ്റി 30-03-2022 ൽ കൂടുകയുണ്ടായി. കമ്മിറ്റിയിലെ പ്രധാന തീരുമാനങ്ങൾ.

കൊറോണ വ്യാപനം കുറഞ്ഞുവെങ്കിലും, ആഗോളമായി വ്യാപിച്ചുകിടക്കുന്ന ക്നാനായ സമുദായത്തിലെ എല്ലാ ദൈവാലയങ്ങളിൽ നിന്നും അസ്സോസിയേഷൻ പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർ അസ്സോസിയേഷനിൽ വന്ന് സത്യപ്രതിജ്ഞ ചെയ്ത മെമ്പർമാർ, ലോകത്തിന്റെ പല ഭാഗങ്ങളിൽ ഉള്ളതിനാൽ അവരെക്കൂടി ഉൾക്കൊള്ളുന്നതിനുവേണ്ടി, നാട്ടിലുള്ള അസ്സോസിയേഷൻ മെമ്പർമാർ നേരിട്ടു അസ്സോസിയേഷനിൽ ഹാജരാകുകയും, നേരിട്ട് ഹാജരാകാൻ കഴിയാത്തവരെ ഓൺലൈനിൽ കൂടി ക്നാനായ അസ്സോസിയേഷൻ മീറ്റിംഗിലും വോട്ടെടുപ്പിലും ഭാഗഭാക്കാക്കുന്നതിനും വേണ്ടിയുള്ള നടപടികളിലേക്ക് പോകുവാനും മറ്റുള്ള സഭകളിൽ കഴിഞ്ഞ മാസങ്ങളിൽ തിരഞ്ഞെടുപ്പുകൾ ഓൺലൈനിൽ കൂടിയും ഓഫ്‌ലൈനിൽ കൂടിയും നടത്തിയതുപോലെ കാലഘട്ടത്തിന് അനുസരിച്ചു ഉണർന്നു പ്രവർത്തിക്കുവാൻ ക്നാനായ കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അടുത്ത അസ്സോസിയേഷൻ ഓൺലൈനിൽ കൂടിയും ഓഫ്‌ലൈനിൽ കൂടിയും അസ്സോസിയേഷൻ മെമ്പർമാർക്ക് സംബന്ധിക്കുന്നതിനുള്ള സോഫ്റ്റ് വെയർ കമ്പനികളിൽ നിന്നും ക്വട്ടേഷൻ വാങ്ങി നടപ്പിലാക്കുവാനും ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റിന്റെ ഒഴിവും, സമുദായ അൽമായ ട്രസ്റ്റിയുടെ ഒഴിവും നികത്തുന്നതിനുവേണ്ടി 2022 മെയ് 24-ാം തീയതി ക്നാനായ അസ്സോസിയേഷൻ കൂടുവാൻ തീരുമാനിച്ചു.

അസ്സോസിയേഷൻ പ്രസിഡന്റായി തെരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്ന വൈദിക സ്ഥാനാർത്ഥിയുടെയും അൽമായട്രസ്റ്റിസ്ഥാനാർത്ഥിയുടെയും നോമിനേഷൻ അസ്സോസിയേഷൻ തീയതിക്കുമുമ്പുതന്നെ വാങ്ങുന്നതിനും ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ വോട്ടിങ്ങിൽ കൂടി അസ്സോസിയേഷൻ ദിവസം അവരെ തിരഞ്ഞെടുക്കുന്നതിനും തീരുമാനിച്ചു. ഈ കാര്യങ്ങളുടെ നടത്തിപ്പിനായി ഒരു സബ്കമ്മിറ്റിയെ തിരഞ്ഞെടുത്തു. തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾക്ക്ശേഷം സമുദായത്തിലെ രണ്ടു വർഷത്തെ കണക്കും റിപ്പോർട്ടും പാസ്സാക്കുന്നതിനു ഈ അസ്സോസിയേഷനിൽ സമർപ്പിക്കുവാൻ തീരുമാനിച്ചു. സമുദായത്തിന്റെ കണക്കുകളും റിപ്പോർട്ടും എല്ലാം അസ്സോസിയേഷൻ അംഗങ്ങൾക്കും അയച്ചു കൊടുത്തിട്ടുണ്ട്.

എ.ഡി. 345-ൽ നമ്മുടെ പൂർവ്വപിതാക്കന്മാരായ ക്നായിതോമായുടെയും, യൗസേഫ് മെത്രാന്റെയും, നേതൃത്വത്തിൽ ഏഴില്ലംഎഴുപത്തിരണ്ട്കുടുംബത്തിലെ നാനൂറിൽപ്പരം യഹൂദനസ്രാണികൾ മലങ്കരയിൽ കൂടിയേറിപ്പാർത്തു.

യഹൂദനസ്രാണികളായ നമ്മൾ ഇക്കാലമത്രയും കാറ്റിലുംകോളിലും പെടാതെ ജീവിച്ചു. നമ്മുടെ ക്നാനായത്വവും സ്വവംശ വിവാഹ നിഷ്ഠയും പാരമ്പര്യവും പൈതൃകവും കാത്തുസൂക്ഷിച്ചു പരിപാലിച്ചു വന്നു. 1882 മകര മാസം എട്ടാം തീയതി വെളിയനാട് മോർ സ്തെഫാനോസ് പള്ളിയിൽ ക്നാനായ സമുദായത്തിലെ 10 വൈദിക ശ്രേഷ്ഠർ ഒത്തുകൂടി നമ്മുടെ സമുദായത്തിനായി (ജാതി)

ഒരു ഭരണഘടനയ്ക്ക് രൂപം കൊടുത്തു. ആയതിനു ശേഷം നമ്മൾ വളരെ വളർന്നുപന്തലിച്ചു. 1910-ൽ ക്നാനായ സമുദായത്തിനു മാത്രമായി മലങ്കരയിൽ ഒരു മെത്രാപ്പോലീത്ത വേണമെന്ന ആഗ്രഹത്തോടെ ഇടവഴിക്കൽ ബഹുമാന്യനായ ഗീവർഗീസ് കത്തനാരെ അസ്സോസിയേഷൻകൂടി തെരഞ്ഞെടുത്തു. അങ്ങനെ ആദ്യമായി ക്നാനായ സമുദായത്തിന് ഗീവർഗീസ് മോർ സേവേറിയോസ് എന്ന നാമധേയത്തിൽ ഒരു മെത്രാപ്പോലീത്തായെ വാഴിച്ച് കിട്ടി. പിന്നീട് 1926-ൽ മോർ ദീയസ്കോറോസ് തിരുമേനിയും 1952-ൽ പുണ്യശ്ലോകനായ ക്ലീമ്മീസ് തിരുമേനിയും ക്നാനായ അസ്സോസിയേഷൻ തിരഞ്ഞെടുത്ത പ്രകാരം ക്നാനായ സമുദായ മെത്രാപ്പോലീത്തന്മാരായി. പിന്നീട് ഇടവഴിക്കൽ റോയി അച്ചനെ 2004 ൽ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് എന്ന പേരിൽ സമുദായ മെത്രാപ്പോലീത്തയായി തിരഞ്ഞെടുത്തു വാഴിച്ചു.

വീണ്ടും മൂന്ന് സഹായമെത്രാന്മാരെ ക്നാനായ അസ്സോസിയേഷൻ തെരഞ്ഞെടുത്തു. ഇക്കാര്യങ്ങളെല്ലാം നടന്നത് ക്നാനായ സമുദായത്തിന് ശക്തമായ ഒരു ഭരണഘടന ഉള്ളതുകൊണ്ട് മാത്രമാണ്. മലങ്കര സഭയുടെ കേസുകളിൽ 1959 ലും 1995 ലും 2017 ലും നമ്മളെ പ്രതികളാക്കി ആ കേസുകളിലെല്ലാം പുണ്യശ്ലോകനായ ക്ലീമ്മീസ് തിരുമേനിയുടെ ദീർഘവീക്ഷണംമൂലം നമ്മുടെ ഭരണഘടന നിലനിർത്തുവാൻ സാധിച്ചു. സുപ്രീംകോടതി വരെ അഭിവന്ദ്യനായ ക്ലീമ്മീസ് തിരുമേനി കേസ് നടത്തിയതുകൊണ്ടാണ് കേസ് വിജയിക്കുവാൻ സാധ്യമായത്.

ആ പുണ്യപിതാവ് അദ്ദേഹത്തിന്റെ അന്ത്യം നിമിഷത്തിനു മുമ്പ് സ്വന്തം കൈപ്പടയിൽ എഴുതി വെച്ചു "മക്കളെ, സുപ്രീം കോടതി അനുവദിച്ചുതന്ന ക്നാനായ ഭരണഘടനയും, ക്നാനായ അസ്സോസിയേഷനും, അന്ത്യോഖ്യാബന്ധവും, നമ്മുടെ സ്വാതന്ത്ര്യവും നിങ്ങൾ നിലനിർത്തണം". ആ പുണ്യപിതാവ് അന്തിമമായി സ്വന്തം കൈപ്പടയിലെഴുതിയ ലിഖിതം ഇന്നും ക്നാനായ സമുദായ അസ്സോസിയേഷൻ മിനിറ്റ്സ് ബുക്കിൽ കിടക്കുന്നു.

ക്നാനായ ഭരണഘടന നഷ്ടപ്പെട്ടാൽ യാക്കോബായ സമുദായത്തിന് ഉണ്ടായ അനുഭവം നമ്മുടെ സമുദായത്തിനും ഉണ്ടാകും. യാക്കോബായ സമുദായത്തിൽ വൈദികർക്ക് പള്ളികൾ ഇല്ലാത്തതുമൂലം വി. കുർബ്ബാന അർപ്പിക്കുവാൻ സാധിക്കുന്നില്ല. ഞായറാഴ്ചകളിലും ധാരാളം വൈദികർ ക്നാനായ ദൈവാലയങ്ങളിൽ വിശുദ്ധ ബലി അർപ്പിക്കുന്നുണ്ട്. ഈ അവസ്ഥ നമ്മുടെ വൈദികർക്കും മെത്രാന്മാർക്കും ഉണ്ടാകാതിരിക്കാൻ അന്ത്യോഖ്യ ബന്ധത്തോടൊപ്പം ക്നാനായ സമുദായ ഭരണഘടനയും സംരക്ഷിക്കേണ്ടത് ഓരോ ക്നാനായക്കാരന്റെയും കടമയും ഉത്തരവാദിത്വവുമാണ്.

സമുദായ മെത്രാപ്പോലീത്ത അഭി. സേവേറിയോസ് തിരുമേനിയും, ക്നാനായ കമ്മിറ്റിയും, ക്നാനായ അസ്സോസിയേഷനും, അന്ത്യോഖ്യാസിംഹാസനത്തിന് എതിരാണെന്നും പരി. അന്ത്യോഖ്യ പാത്രിയർക്കീസിനെ പ്രതിയാക്കി കേസ് കൊടുത്തു എന്നുള്ള രീതിയിൽ ചില തൽപ്പരകക്ഷികൾ വ്യാപകമായി ദുഷ്പ്രചരണം അഴിച്ച് വിടുകയാണ്. ഇത് സത്യത്തിനും നീതിക്കും നിരക്കാത്തതാണ്. അന്ത്യോഖ്യാബന്ധം നമ്മളാരും ഉപേക്ഷിച്ചിട്ടില്ല, ഉപേക്ഷിക്കയുമില്ല. നമ്മുടെ അവകാശമാണിത്; നമ്മൾ അവിടെ നിന്നും വന്നവരാണ്. അന്ത്യോഖ്യാബന്ധം നിലനിർത്തുന്നതിനും സുപ്രീംകോടതി അനുവദിച്ചുതന്ന ഭരണഘടനയും സമുദായത്തിന്റെ സ്വയംഭരണഅവകാശവും പാരമ്പര്യവും നിലനിർത്തുവാനും നമ്മുടെ പൂർവ്വപിതാക്കന്മാർ വളരെ കഷ്ടതകളും ക്ലേശങ്ങളും പീഡനങ്ങളും സഹിച്ചാണ് ഈ സമുദായത്തെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കിയത്. നമ്മുടെ വംശശുദ്ധിയും സ്വാതന്ത്ര്യവും പാരമ്പര്യവും എത്ര പീഡനങ്ങൾ സഹിച്ചാലും നിലനിർത്തുവാനും അതിനുവേണ്ടി എന്ത് ത്യാഗവും സഹിക്കുവാനും ക്നാനായ കമ്മിറ്റിയും ക്നാനായ അസ്സോസിയേഷനും ക്നാനായ രക്തം സിരകളിലോടുന്ന ഓരോ ക്നാനായ നസ്രാണിയും ഭാവി തലമുറയ്ക്ക് കൈമാറുവാൻ എല്ലാ സമുദായ അംഗങ്ങളും അണിചേരണം.

ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ 122-ാമത് പരമമേലദ്ധ്യക്ഷനും ദൃശ്യതലവനും, പരി. പത്രോസ് അപ്പോസ്തോലന്റെ 121-ാമത് പിൻഗാമിയും, അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസുമായിരുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവായുടെ എട്ടാമത് ദുഖ്റോനോ പരി. സഭ 21-03-2022 ൽ ആചരിക്കുകയുണ്ടായി.

മലങ്കരയിലെ പരി. സുറിയാനി സഭാമക്കളുടെ ക്ഷേമത്തിനായി നീതിയോടെ പ്രവർത്തിച്ച ആ പുണ്യപിതാവിന്റെ ശ്രാദ്ധപ്പെരുന്നാൾ ആചരിക്കുന്ന ഈ സമയത്ത് പരി. പിതാവിന്റെ മധ്യസ്ഥതയ്ക്കായി നമുക്ക് അപേക്ഷിച്ചു പ്രാർത്ഥിക്കാം.... ഈ പുണ്യ പിതാവിന്റെ തൃപ്പാദങ്ങളിൽ ക്നാനായ സമുദായത്തിന്റെ പ്രണാമം അർപ്പിക്കുന്നു.

ക്നാനായ കത്തോലിക്കാ സഹോദരങ്ങൾ നമുക്ക് നൽകിയ വി. ക്നായിതോമായുടെ പ്രതിമ ക്നാനായ കമ്മിറ്റിയുടെ തീരുമാനപ്രകാരം സുഖാർ ധ്യാനകേന്ദ്രത്തിൽ സ്ഥാപിക്കുകയുണ്ടായി. ഉടനെ തന്നെ അതിന്റെ അനാച്ഛാദനം നടത്തുന്നതാണ്.

സമുദായത്തിൽ വൈദികരുടെ ക്ഷാമം ഉള്ളതിനാൽ യുവാക്കൾ കൂടുതലായി വൈദികരംഗത്തേയ്ക്ക് കടന്നു വരണമെന്ന് അഭ്യർത്ഥിക്കുന്നു.

2018 ൽ നിലവിൽ വന്ന ക്നാനായ അസ്സോസിയേഷനും ക്നാനായ കമ്മിറ്റിയ്ക്കും, വിവിധ സ്ഥാപനങ്ങളിലെ ബോർഡ് അംഗങ്ങൾക്കും ഏതാണ്ട് ഒന്നരവർഷം മാത്രമേ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിച്ചുള്ളൂ. ഈ സമയമത്രയും ആത്മാർത്ഥമായി പ്രവർത്തിച്ചു എന്ന് പറയുവാൻ സാധിക്കും. 2020 മാർച്ച്മാസം മുതൽ കൊറോണ വ്യാപനം അതിരൂക്ഷമായിരുന്നു. ഈ രണ്ടു വർഷക്കാലം പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ഞങ്ങളാലാകുന്ന വികസന പ്രവർത്തനങ്ങൾ സമുദായത്തിൽ നടത്തുവാൻ ഞങ്ങൾക്ക് സാധിച്ചു. ഇനിയുള്ള സമയം അതിന്റെ പൂർത്തീകരണത്തിനുവേണ്ടി ഞങ്ങൾ പ്രവർത്തിക്കുകയാണ്. തോട്ടയ്ക്കാട്ടെ കോളജിന്റെ പണികൾ ഈ വർഷം തന്നെ തുടങ്ങുന്നതിനും ക്ലാസ്സുകൾ സമുദായത്തിന്റെ മറ്റു കെട്ടിടങ്ങളിൽ ഈ വർഷം തന്നെ ആരംഭിക്കുന്നതിനുമുള്ള ശ്രമത്തിലാണ് ക്നാനായ കമ്മിറ്റി. എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

നമ്മുടെ കൊച്ചു സമുദായത്തിന്റെ വിഷയങ്ങൾ തീർക്കുന്നതിനുവേണ്ടി അതുമായി ബന്ധപ്പെട്ടവരെ ക്നാനായ കമ്മിറ്റി ഹാർദ്ദമായി ചർച്ചയ്ക്കുവേണ്ടി സ്വാഗതം ചെയ്യുന്നു. ഈ കൊച്ചുസമുദായത്തിൽ ഐക്യവും സമാധാനവും ഉണ്ടാകുന്നതിനും നമുക്ക് ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

●

# ഉയിർപ്പ്: അവസാനിക്കാത്ത പ്രതീക്ഷ

ഫാ. ഡോ. തോമസ് എബ്രഹാം, മലേശ്ശേരിൽ

സത്യമായിട്ടു താൻ ഉയിർത്തെഴുന്നേറ്റു എന്ന് ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു. ഇത് ആദിമുതൽ ഇന്നു വരെയുള്ള ക്രൈസ്തവസഭയുടെ വിശ്വാസ പ്രഖ്യാപനമാണ്. മനുഷ്യജീവിതത്തിലെ എല്ലാ പ്രതിസന്ധികൾക്കും നിരാശയ്ക്കും പരിഹാരമുണ്ട്. എന്നാൽ പരിഹാരം ഇല്ല എന്ന് തോന്നിപ്പോകുന്ന ഒരു യാഥാർത്ഥ്യമാണ് മരണം. ഇവിടെ മരണത്തിനും പരിഹാരം ഉണ്ട് എന്ന് കാണിച്ചു തരുന്ന നിത്യസത്യമാണ് ഉയിർപ്പ്. മനുഷ്യജീവിതത്തിലെ അവസാനിക്കാത്ത പ്രതീക്ഷയുടെ പേരാണ് ഉയിർപ്പ്. ഈ പ്രത്യാശ മനുഷ്യനിൽ നിന്ന് മരണ ഭയത്തെ ദൂരീകരിക്കുന്നു. ക്രൂശിൽ മരിച്ച് നമുക്കുവേണ്ടി യാഗമായിത്തീർന്ന ക്രിസ്തു തന്റെ



ഉത്ഥാനത്തിലൂടെ ആ യാഗത്തെ മഹത്വീകരിക്കുമ്പോൾ ആണ് ലോകാവസാനം വരെ നിലനിൽക്കുന്ന ഒരു സാന്നിധ്യമായി ഉയിർപ്പ് നമുക്ക് പ്രത്യാശ നൽകുന്നത്. ആയതിനാൽ ഉയിർപ്പ് പെരുന്നാളിനെ സഭയുടെ ഏറ്റവും വലിയ പെരുന്നാൾ എന്ന് പ. സഭ പഠിപ്പിക്കുന്നു. ഇവിടെ പ. പൗലോസ് ശ്ലീഹായുടെ വചനം ഏറെ പ്രസക്തമാണ്, ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം (1കോരി. 15:114). ക്രിസ്തു തന്റെ ഉത്ഥാനത്തിലൂടെ മരണത്തിന്റെ സകല ശക്തിയും ഇല്ലാതാക്കുന്നു, പാപത്തിന്റെ, അന്ധകാരത്തിന്റെ, ഭീതിയുടെ, നിരാശയുടെ ജീർണ്ണതകളുടെ ശക്തിയെ ഇല്ലാതാക്കി, ഉയിർപ്പിന്റെ അവസാനിക്കാത്ത പ്രതീക്ഷ സർവ്വർക്കും പ്രദാനം ചെയ്യുന്നു. ക്രൂശു മരണത്തിനുശേഷം സർവ്വ പ്രതീക്ഷകളും നഷ്ടപ്പെട്ട് ചിതറിപ്പോയ തന്റെ ശിഷ്യന്മാർക്ക് വിവിധ സമയങ്ങളിൽ പ്രത്യക്ഷപ്പെട്ട് അവരെ യഥാസ്ഥാനപ്പെടുത്തുന്ന ക്രിസ്തു ജീവിതത്തിൽ അവസാനിക്കാത്ത പ്രതീക്ഷയുടെ മർമ്മം അവർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നു.

**1. സമാധാനം നൽകുന്ന ഉയിർപ്പ്**

ഉയിർപ്പ് പെരുന്നാൾ നൽകുന്ന പ്രധാന ആശയം സമാധാനമാണ്. കർത്താവിന്റെ ക്രൂശുമരണത്തോടുകൂടി ജീവിതത്തിന്റെ പ്രത്യാശ നഷ്ടപ്പെട്ട് ഭയചകിതരായി യഹൂദന്മാരെ പേടിച്ച് ശിഷ്യന്മാർ ഗുഹയിൽ ഒളിച്ച് പാർക്കുമ്പോൾ അവരുടെ മദ്ധ്യേ പ്രത്യക്ഷപ്പെട്ട ക്രിസ്തു അവർക്ക് പ്രദാനം ചെയ്യുന്നത് ദൈവത്തിന്റെ സമാധാനമാണ് (യോഹ. 20:19-21). ക്രിസ്തു നേരിട്ട പീഡാനുഭവം തങ്ങൾക്കും ലഭിക്കുമെന്ന് ഉറപ്പായപ്പോൾ ഭയപ്പെട്ട് നിരാശരായ തന്റെ ശിഷ്യഗണത്തെ സമാധാനം നൽകി അവരെ ധൈര്യപ്പെടുത്തി പരിശുദ്ധാത്മാവിനെ അവരുടെ മേൽ ഊതി പൗരോഹിത്യത്തിന്റെ നൽവരം അവർക്ക് നൽകി അവസാനിക്കാത്ത പ്രതീക്ഷ അവർക്കു നൽകുന്ന ക്രിസ്തുവിനെയാണ് നാം ഇവിടെ കാണുന്നത്. ഇവിടെ ക്രിസ്തു അവർക്കു നൽകുന്നത് ദൈവത്തിന്റെ നിത്യമായ സമാധാനമാണ്. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നത് പോലെ അല്ല ഞാൻ നിങ്ങൾക്ക് തരുന്നത് (യോഹ. 14:27) എന്ന് മുൻകൂട്ടി അവരെ പഠിപ്പിച്ചിരുന്ന ക്രിസ്തു ലോകത്തിന്റെ സൈന്യത്തെയോ ആയുധങ്ങളേയോ നൽകാതെ പരിശുദ്ധാത്മാവിനെ നൽകി ഭയത്തെ അവരിൽനിന്ന് ദൂരീകരിക്കുന്നു. ആ ശക്തിയിലാണ് ശിഷ്യന്മാർ പിന്നീട് സഭയെ പ്രതിസന്ധിയുടെ നടുവിലും വളർത്തിയെടുക്കുന്നത്. കൂടാതെ ക്രിസ്തുവിന്റെ സഹനത്തിന്റെ പാത പിന്തുടരുവാൻ അവരെ സഹായിച്ചതും ഈ സമാധാനമാണ്.

കോവിഡ്-19 എന്ന മഹാമാരി ലോകത്തെ സമസ്ത മേഖലകളിൽ പ്രതികൂലമായി ബാധിച്ചപ്പോൾ സമാധാനം നഷ്ടപ്പെട്ട് ആകുല ചിത്തരായി പ്രത്യാശനഷ്ടപ്പെട്ട ലോകത്തിന് അവസാനിക്കാത്ത പ്രതീക്ഷയുടെ അനുഭവമായി ഈ ഉയിർപ്പുപെരുന്നാൾ മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ജീവിതത്തെ അലട്ടുന്ന പ്രയാസങ്ങളിൽ പതറിപ്പോകുന്നവർ ആകാതെ ദൈവത്തിൽ പ്രത്യാശ വെച്ചുകൊണ്ട് ശാന്തമായി ഹൃദയങ്ങളിൽ സമാധാനത്തെ സൃഷ്ടിക്കുന്നവരായിത്തീരുവാൻ ഇടയാകണം. എങ്കിൽ മാത്രമേ ഉയിർപ്പ് അർത്ഥവത്താകുകയുള്ളൂ.

**2. പിന്തിരിഞ്ഞുപോയവരെ യഥാസ്ഥാനപ്പെടുത്തുന്ന ഉയിർപ്പ്**

ക്രിസ്തുവിന്റെ ക്രൂശുമരണത്തോടുകൂടി തങ്ങൾ അനാഥരായിപ്പോയി എന്ന് തോന്നിയ ശിമോൻ പത്രോസിന്റെ നേതൃത്വത്തിലുള്ള ശിഷ്യഗണം തങ്ങളുടെ

പഴയ തൊഴിലായ മീൻപിടുത്തത്തിലേക്ക് മടങ്ങി പോവുകയാണ്. തിബെര്യാസ് കടൽത്തീരത്ത് ഉയിർത്തെഴുന്നേറ്റ ക്രിസ്തു അവർക്ക് വീണ്ടും പ്രത്യക്ഷപ്പെടുമ്പോൾ രാത്രി മുഴുവനും അധ്വാനിച്ചിട്ട് ഒരു മീൻ പോലും കിട്ടാതെ ക്ഷീണിച്ച് അവശരായ ശിഷ്യന്മാരോട് പടകിന്റെ വലതുവശത്ത് വല വീശുവാൻ ആജ്ഞാപിച്ച് വല നിറയെ മീൻ നൽകിയ ക്രിസ്തുവിനെയാണ് നാം കാണുന്നത്. മാത്രവുമല്ല ആ മീനുമായി കരയിലേക്കുവന്ന ശിഷ്യന്മാർക്ക് കരയിൽ പ്രഭാതഭക്ഷണം ഒരുക്കി കാത്തിരിക്കുന്നു സ്നേഹനിധിയായ പിതാവ് ( യോഹ. 21:1-14).

മനുഷ്യരെ പിടിക്കുവാൻ നിയോഗിക്കപ്പെട്ട ശിഷ്യഗണം തങ്ങളുടെ ദൗത്യനിർവ്വഹണത്തിൽ നിന്ന് പിന്തിരിഞ്ഞു പോയപ്പോഴും അവരെ യഥാസ്ഥാനപ്പെടുത്തുകയും അവരുടെ നിരാശയെയും ക്ഷീണത്തെയും മാറ്റി പ്രത്യാശയും, ധൈര്യവും നൽകി തന്നോടൊപ്പം ചേർത്തുപിടിക്കുന്നവനാണ് ഉയിർത്തെഴുന്നേറ്റ ക്രിസ്തു. ദൈവീക ദൗത്യ നിർവഹണത്തിലേക്കുള്ള ഒരു മടങ്ങി വരവാകണം ഉയിർപ്പ്. ഇന്ന് മനുഷ്യർ പലപ്പോഴും ദൈവം തങ്ങളിലേക്ക് നൽകിയിരിക്കുന്ന ഉത്തരവാദിത്തങ്ങളെ മറന്ന് സ്വാർത്ഥതയിൽ അടിമപ്പെട്ട് ജീവിക്കുന്ന ഒരു കാലമാണ്. സമസൃഷ്ടികളോടുള്ള ഉത്തരവാദിത്വം അതിന്റെ പൂർണ്ണതയിൽ നിർവഹിക്കുമ്പോൾ ആണ് നാം ദൈവീകരാകുന്നത്. ഈ ഉയിർപ്പ് ദൈവത്തിങ്കലേക്കും ദൈവീക ദൗത്യ നിർവഹണത്തിലേക്കുമുള്ള മടങ്ങിവരവ് ആകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**3. അത്താഴത്തെ തിരുവത്താഴം ആക്കുന്ന ഉയിർപ്പ്**

ക്രിസ്തുവിന്റെ ഉയിർപ്പിന് ശേഷം യെരുശലേമിൽ നിന്ന് 7 നാഴിക ദൂരം ഉള്ള എമ്മവൂസ് എന്ന ഗ്രാമത്തിലേക്ക് പോകുന്ന രണ്ടു ശിഷ്യന്മാരെ നാം കാണുന്നു. അവർ യെരുശലേമിൽ സംഭവിച്ചതായ കാര്യങ്ങൾ സംസാരിച്ച് തർക്കിച്ചുകൊണ്ട് യാത്രചെയ്യുമ്പോൾ ഉയിർത്തെഴുന്നേറ്റ യേശു അവരോടൊപ്പം യാത്ര ചെയ്യുകയാണ്. എന്നാൽ അവരുടെ കൂടെ യാത്ര ചെയ്യുന്ന മൂന്നാമൻ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവാണെന്ന് അവർക്ക് മനസ്സിലായില്ല. അവരുടെ സങ്കടങ്ങൾ കേട്ട ക്രിസ്തു ഒന്നാമതായി അവരെ വചനത്താൽ ശക്തീകരിക്കുന്നു. മോശ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ച് കൊടുത്തു. സന്ധ്യാസമയത്ത് വഴിയാത്രയിൽ പിരിയാറായപ്പോൾ അവർ അവനെ അവരുടെ വീട്ടിലേക്ക് നിർബന്ധിച്ച് കൂട്ടിക്കൊണ്ടുപോവുകയും അവർ ഭക്ഷണത്തിന് ഇരിക്കുമ്പോൾ അവൻ അപ്പമെടുത്ത് നുറുക്കി അവർക്ക് കൊടുത്തു, ഉടനെ അവരുടെ കണ്ണുതുറന്ന് അവർ അവനെ തിരിച്ചറിയുകയുമാണ് (ലൂക്കോ. 24:13-35).

ദൈവ സാന്നിധ്യത്തിന്റെ അടയാളമായ യെരുശലേമിൽ നിന്ന് ജീവിതത്തിലെ സകല പ്രതീക്ഷകളും നഷ്ടപ്പെട്ട് നിരാശരായി സ്വന്തം ഗ്രാമങ്ങളിലേക്ക് മടങ്ങിപ്പോയ ശിഷ്യന്മാരോടൊപ്പം നടന്ന ഉത്ഥിതനായ ക്രിസ്തു അവരെ വചനത്താൽ ശക്തീകരിക്കുകയും അവരുടെ ഭവനത്തിലേക്ക് അതിഥിയായി കടന്നു വന്ന് ആതിഥേയനായി മാറുകയും അവരുടെ അത്താഴത്തെ തിരുവത്താഴമാക്കി മാറ്റുകയും ചെയ്തു. ഉയിർപ്പിന്റെ മഹത്വം പൂർണ്ണമാകുന്നത് വിശുദ്ധ കുർബ്ബാനയിൽ ആണ്. ഓരോ വിശുദ്ധ കുർബ്ബാനയും ഉയിർപ്പിന്റെ സന്തോഷത്തിനുള്ള പങ്കുചേരൽ ആണ്. ഇരുൾ മൂടിയ അവസ്ഥയിൽ പ്രതീക്ഷ നഷ്ടപ്പെട്ട എമ്മവോസ്സിലേക്ക് പോയ ശിഷ്യന്മാർക്ക് അവസാനിക്കാത്ത പ്രതീക്ഷയായി മാറുകയാണ് ഉയിർപ്പ്. ഉത്ഥിതനായ ക്രിസ്തു ഇന്നും വിശുദ്ധ കുർബാനയിലൂടെ നമുക്കേവർക്കും അവസാനിക്കാത്ത പ്രതീക്ഷയായിമാറുന്നു.

ഒരിക്കൽ കൂടെ ജീവിതത്തിലെ എല്ലാ പ്രതിസന്ധികൾക്കും, നിരാശയ്ക്കും, സങ്കടങ്ങൾക്കും, വേദനകൾക്കും, മരണത്തിനും നമ്മെ തോൽപ്പിക്കാൻ കഴിയില്ലെന്നും, അവയ്ക്കെല്ലാം ഒരു പരിഹാരം ഉണ്ടെന്നും നമുക്ക് വെളിപ്പെടുത്തിത്തരുന്ന സത്യമാണ് ഉയിർപ്പ്. ഉയിർപ്പ് നമുക്ക് നൽകുന്ന സമാധാനത്തെ അനുഭവിപ്പാൻ ഇടയാവണം. ഇത് മനം തിരിഞ്ഞു പോയവരെ യഥാസ്ഥാനപ്പെടുത്തുന്നതോടൊപ്പം, നമ്മുടെ അത്താഴത്തെ തിരുവത്താഴമാക്കിമാറ്റുന്ന സത്യവുമാണ്. ഈ ഉയിർപ്പു പെരുന്നാൾ നമ്മെ ഏവരെയും ഇതിനായി ഒരുക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാവർക്കും ഉയിർപ്പിന്റെ എല്ലാ മംഗളങ്ങളും അനുഗ്രഹങ്ങളും നേരുന്നു.

## ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ക്നായിതോമാ അനുസ്മരണം

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ വെളിയനാട് സുഖാർ ധ്യാനകേന്ദ്രത്തിൽ നടത്തിയ ക്നായിതോമാ അനുസ്മരണം ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ.ജേക്കബ് കല്ലുകുളം അദ്ധ്യക്ഷത വഹിച്ചു. വെളിയനാട് പഞ്ചായത്ത് മുൻ പ്രസിഡന്റ് സാബുതോട്ടുങ്കൽ, സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ, ട്രസ്റ്റി അനീഷ് റ്റി. സി. തകിടിയിൽ, കൊച്ചുമോൻ ഒറ്റതൈയ്ക്കൽ, സജി താന്നിക്കൽ, ബിനു കല്ലേമണ്ണിൽ, ജയമോൻ മേപ്രത്ത്, മജേഷ് മഴുക്കീറ്റാട, ഡോ. ബിനോയ് തോമസ്, ഡീ. ചിക്കു കാരിമറ്റത്തിൽ എന്നിവർ പ്രസംഗിച്ചു. കേരളത്തിന്റെ വിവിധ ദൈവാലയങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു.



# അന്ധവിശ്വാസവും അനാചാരങ്ങളും

**റ്റി. സി. തോമസ് തോപ്പിൽ**

(ക്നാനായ കമ്മിറ്റി അംഗം)

“ഇന്ന് ഒന്നും നടന്നില്ല, ആരെയാണോ കണികണ്ടത്” പലരുടെയും സ്ഥിരം പല്ലവിയാണ്. ദുശ്ശകുനം ദൈനംദിന ജീവിതത്തെ പ്രതികൂലമായി ബാധിക്കുമെന്ന അന്ധവിശ്വാസമാണിതിനു കാരണം. ശാസ്ത്ര സാങ്കേതിക വളർച്ച മനുഷ്യനെ ബഹിരാകാശ ടൂറിസത്തിന് നക്ഷത്രങ്ങളിൽ ചേക്കേറുന്നതിനും വരെ വളർത്തിയെങ്കിലും അവൻ അന്ധവിശ്വാസത്തിന്റെ മൂടുപടത്തിൽനിന്നും മോചിതനായിട്ടില്ല. കുറച്ചു വർഷങ്ങൾക്കു മുൻപ് വിഗ്രഹങ്ങൾ പാൽ കുടിക്കുന്നു എന്നൊരു വാർത്ത പ്രചരിപ്പിച്ചപ്പോൾ നൂറുകണക്കിനാളുകൾ വിഗ്രഹങ്ങളെ പാലു കുടിപ്പിച്ച് നിർവൃതിയടയാൻ പാടുപെട്ട് ഇളിഭ്യരായ കഥ പത്രങ്ങളിൽ നാം വായിച്ചതാണ്. മനുഷ്യന്റെ അജ്ഞതയും ശാസ്ത്രബോധമില്ലായ്മയുമാണ് അന്ധവിശ്വാസങ്ങൾ വളരാനും പെരുകാനും കാരണമാകുന്നത്. കാലങ്ങളായി നമ്മുടെ മനസ്സിൽ ഉറഞ്ഞു കിടക്കുന്ന മൂഢവിശ്വാസങ്ങൾ ഇന്നും മാറിയിട്ടില്ല. ചില ആളുകൾ വീട്ടിൽ വരുന്നത് പലർക്കും ഇഷ്ടമല്ല കാരണം അവർ ‘കണ്ണുവയ്ക്കും’. ഫലമോ മാങ്ങ കൊഴിഞ്ഞുപോകും, വാഴ ഒടിഞ്ഞുവീഴും, കോഴി ചത്തുപോകും, പ്രതിവിധിയായി പണിയുന്ന കെട്ടിടത്തിനു മുൻപിൽ കള്ളിമുൾച്ചെടി തൂക്കിയിടും. ശിശുക്കളുടെ മുഖത്ത് വലിയ കറുത്ത പൊട്ടിടും. അപ്പോൾ ആരുടെയും കണ്ണു ഫലിക്കില്ല എന്ന വിശ്വാസം. ഇതു മുഴുവൻ കേട്ടുകേൾവിയുടെ അടിസ്ഥാനമില്ലാത്ത അനാചാരങ്ങളാണ്. കേൾക്കുന്നതെല്ലാം വിശ്വസിക്കുന്ന ഒരു മനോഭാവത്തിന്റെ ഫലം. കാര്യകാരണങ്ങൾ വിശകലനം ചെയ്യുവാനുള്ള മടി നമ്മെ അന്ധവിശ്വാസത്തിലേക്കു നയിക്കും. ഏതാനും വർഷങ്ങൾക്കു മുൻപ് രണ്ടു ദിവസത്തെ ഒരു സെമിനാറിൽ പങ്കെടുക്കുവാൻ ഒരു ഉയർന്ന സ്റ്റാർഹോട്ടലിൽ ഈ ലേഖകന് താമസിക്കേണ്ടി വന്നു. യാദൃശ്ചികമായി മുറികളുടെ നമ്പറുകൾ വായിച്ചപ്പോൾ 12 കഴിഞ്ഞ് 12A എന്നു രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിച്ചു. അതിനെപ്പറ്റി ജീവനക്കാരോടു ചോദിച്ചപ്പോൾ പറഞ്ഞു 13 നെ ഒഴിവാക്കാൻ ചെയ്തതാണെന്ന്. സ്വദേശികൾക്കു മാത്രമല്ല വിദേശികൾക്കും 13 നമ്പർ മുറിയിൽ താമസിക്കുവാൻ ഭയമാണെന്നു പറഞ്ഞു. ഇതിന്റെ അടിസ്ഥാനമെന്താണെന്ന് ആർക്കും അറിയില്ല.

ജീവനുള്ള ദൈവത്തിലുള്ള വിശ്വാസം ഇന്ന് ഇല്ലാതായിരിക്കുന്നു. പലർക്കും വിശ്വാസം നിഗൂഢ ശാസ്ത്രത്തിലാണ്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇന്ന് സഭാവിശ്വാസികളിലും ആഴത്തിൽ വേരോട്ടം നടത്തുന്നു. സമൃദ്ധിയുടെ സുവിശേഷം മാത്രം പ്രസംഗിച്ച് വിശ്വാസികളുടെ ദൗർബല്യത്തെ ചൂഷണം ചെയ്യുന്ന വ്യാജ സുവിശേഷകരിൽ ജനം ആകൃഷ്ടരായി യഥാർത്ഥ വിശ്വാസത്തിൽ നിന്നും അകന്നുപോകുന്നു. ജീവനുള്ള ദൈവത്തിൽ വിശ്വസിക്കുന്നു എന്ന് അഭിമാനിക്കുന്ന ക്രിസ്തീയ സഭാംഗങ്ങൾപോലും അന്ധവിശ്വാസത്തിന്റെ തടവറയിലേക്കു മാറുന്ന അപകടകരമായ കാഴ്ച എവിടെയും പ്രകടമാണ്. യഥാർത്ഥ വിശ്വാസത്തിനു കോട്ടം തട്ടിയാൽ അതു സഭയുടെ നിലനിൽപ്പിനു തന്നെ ഭീഷണിയാകും.

രാഹുകാലമാണ് മറ്റൊരു വില്ലൻ. രാഹുകാലത്തിലുടക്കി എന്തെല്ലാം അസൗകര്യമാണു നമുക്കുണ്ടാകുന്നത്. ക്രിസ്തീയസഭകൾപോലും രാഹുകാലത്തിന്റെ പിടിയിലമർന്നു പോകുന്ന ദയനീയ അവസ്ഥ ഉണ്ടാകുന്നു. ദൈവം നൽകിയ 24 മണിക്കൂറും നല്ലതാണെന്നു വിശ്വസിക്കാൻ നാം തയ്യാറല്ല. നല്ല കാര്യങ്ങൾ ചെയ്താൽ എല്ലാ മണിക്കൂറും ധന്യമാകും. നല്ലതു ചെയ്യാൻ സമയം നോക്കേണ്ട ആവശ്യം ഉണ്ടോ? ചൊവ്വായും വെള്ളിയും മോശം ദിവസങ്ങളായി കരുതുന്നു. അതു ദൈവം സൃഷ്ടിച്ചതല്ലേ? വർഷങ്ങളായി വാമൊഴിയിലൂടെ പ്രചരിച്ച ഈ അന്ധവിശ്വാസം തലമുറകളിലേക്കു പകർന്നുകൊണ്ടിരിക്കുന്നു. നല്ലതും ചീത്തയും ഓരോ ഘട്ടത്തിലും വിവേചിച്ചറിയാനുള്ള ദർശനവും ധൈര്യവും നമുക്കുണ്ടായില്ലെങ്കിൽ നം കൂടുതൽ അന്ധവിശ്വാസത്തിലേക്കു വഴുതി വീഴും. പെട്ടെന്നു പണവും സമാധാനവും ലഭിക്കാൻ ആൾദൈവങ്ങളുടെ പാദം കുമ്പിടാനും അവരെ ആശ്ലേഷിക്കാനും സമൂഹത്തിലെ ഉന്നതർക്കുപോലും യാതൊരു മടിയുമില്ല. അന്ധവിശ്വാസവും അതിൽ നിന്നുണ്ടാകുന്ന പ്രസ്ഥാനങ്ങളും മനുഷ്യനെ ആത്മീയമായും മാനസ്സികമായും തളർത്തുന്നു. അന്ധവിശ്വാസത്തിന്റെ ഫലങ്ങൾ ചിലപ്പോൾ ഭയാനകവും ഞെട്ടലുണ്ടാക്കുന്നതുമാണ്. ഉന്നത വിദ്യാസമ്പന്നരായ സർക്കാരിൽ ഉയർന്ന തസ്തികയിൽ ജോലി ചെയ്യുന്ന ദമ്പതികൾ അന്ധവിശ്വാസത്തിന്റെ മായാവലയത്തിൽപെട്ട് ഏതോ അദൃശ്യശക്തിയെ പ്രീതിപ്പെടുത്താനായി തങ്ങളുടെ മകളെ നരബലി നടത്തിയ സംഭവം അടുത്ത കാലത്ത് പത്ര ദൃശ്യമാധ്യമങ്ങളിൽ വായിച്ചത് ഞെട്ടലോടെയാണ്. ആധുനിക പരിഷ്കൃത സമൂഹത്തെ അനാചാരങ്ങൾ എത്രമാത്രം സ്വാധീനിക്കുന്നു എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ശാസ്ത്രത്തിന്റെ ത്വരിത വികസനത്തിലും ആധുനിക മനുഷ്യൻ തന്റെ പൂർവ്വീകരുടെ ഗുഹാജീവിതകാലത്തെപ്പോലെ തന്റെ എല്ലാ ദൗർഭാഗ്യങ്ങൾക്കും കാരണം ദുരൂഹവും അജ്ഞേയവുമായ ശക്തികളാണെന്ന മിഥ്യാധാരണയിൽ ജീവിക്കുകയും അതിന്റെ പരിഹാരത്തിനായി ജ്യോതിഷികളാലും കപടമാന്ത്രവാദികളാലും കബളിക്കപ്പെടുകയും ചെയ്യുന്നു. ഇവർ മനുഷ്യന്റെ യുക്തിബോധത്തിനുള്ള കഴിവുകൾ നശിപ്പിക്കുകയും ദുരുപയോഗം ചെയ്യുകയും ചെയ്യുന്നു.

ഭാവിപ്രവചനം ഇന്നൊരു വൻകച്ചവടമായി തീർന്നിരിക്കുന്നു. പത്രമാസികകളിലും ആനുകാലികങ്ങളിലും വായക്കാരുടെ ഭാവി പ്രവചിക്കാൻ സ്ഥിരം പംക്തിയുണ്ട്. ഇത് ഒഴിവാക്കാൻ പത്രമാസികകൾക്ക് കഴിയില്ല. അത്രയ്ക്കാണ് ഇതിന്റെ ജനപ്രീതി. അതുപോലെ വിവാഹം, ഗ്രഹപ്രവേശം, ഉദ്ഘാടനം, തറക്കല്ലിടൽ, നാമനിർദ്ദേശപത്രിക സമർപ്പണം, മന്ത്രിസഭകളുടെ സത്യപ്രതിജ്ഞ തുടങ്ങിയവയെല്ലാം ജ്യോതിഷക്കാരുടെ ഉപദേശമനുസരിച്ചും ഗ്രഹനില നോക്കിയുമാണ് തീരുമാനിക്കുന്നത്. ചില ആരാധന സമ്പ്രദായങ്ങളുടെയും മതവിഭാഗങ്ങളുടെയും ആൾ ദൈവങ്ങളുടെയും തണലിലും കാർമ്മികത്വത്തിലുമാണ് അന്ധവിശ്വാസങ്ങൾ തഴച്ചു വളരുന്നത്. സമൂഹത്തിലെ പാവങ്ങളെയും സമ്പന്നരെയും ഉന്നതരെയും ഒരുപോലെ ചൂഷണം ചെയ്യുന്ന ഈ ചൂഷിത വലയത്തിൽ നിന്നും മനുഷ്യസമൂഹം മോചിതരാകേണ്ടിയിരിക്കുന്നു. അതിനും വലിയ പങ്കുവഹിക്കാൻ ക്രൈസ്തവ സഭകൾ മുന്നിട്ടിറങ്ങി പ്രവർത്തിക്കാൻ സാധിക്കട്ടെ.

●

# വൈദികശുശ്രൂഷയിൽ നിന്നും വിരമിച്ചു



Advt - O

## റവ. ഫാ. കെ.കെ. ഏബ്രഹാം കുറ്റിയിൽ

കുറിച്ചി മന്ദിരം തിരുശേഷിപ്പ് ചാപ്പൽ വികാരി കുറ്റിയിൽ ഫാ. കെ.കെ. ഏബ്രഹാം സജീവ വൈദികശുശ്രൂഷയിൽ നിന്നും 2022 ഫെബ്രുവരി 27–ാം തീയതി ഞായറാഴ്ച വിരമിച്ചു. സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മഹനീയ സാന്നിദ്ധ്യത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ച ഞങ്ങളുടെ കുറ്റിയിൽ അച്ചന് സമുചിതമായ ഒരു യാത്രയയപ്പ് നൽകി. അഭി. സമുദായ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ട്രസ്റ്റി ശ്രീ. സാബു വട്ടത്തകിടിയിൽ, സെക്രട്ടറി ശ്രീ. മജു പ്രാമിയിൽ കമ്മിറ്റി അംഗങ്ങളായ ശ്രീ. റ്റി.യു. ജോസ് തൈത്തറ, ശ്രീ. പി.കെ. ഏബ്രഹാം പുറത്തേപ്പറമ്പിൽ, ശ്രീ. എം.എ. മാത്തുക്കുട്ടി മുക്കാട്ട്, മദർ സുപ്പീരിയർ റവ. സിസ്റ്റർ ശൈനോ, വനിതാസമാജം സെക്രട്ടറി ശ്രീമതി ബീനാ തോമസ് കോയിത്ര എന്നിവർ ആശംസകൾ നേർന്നുകൊണ്ട് പ്രസംഗിച്ചു. സൺഡേസ്കൂൾ കുട്ടികൾ ആശംസാഗാനം ആലപിച്ചു. ഫാ. കെ.കെ. ഏബ്രഹാം കുറ്റിയിൽ മറുപടി പ്രസംഗം നടത്തി.

**മന്ദിരം തിരുശേഷിപ്പ് ചാപ്പലിനുവേണ്ടി നിർവാഹകസമിതി**

# 50th Wedding Anniversary
## 24-04-2022



## Mr. Jose E.I. & Marykutty Jose

**EDAYAPARAMPIL, ANCHANI, RANNY**

**Thank You Lord for Your Countless Blessings**

Children: Dr. Nisha and Franklin Thomas
Soni and Joe Abraham
Soumia and Sanju Mathew

Grand Children: Nelvin, Nelson, Joshua, Jonah, Dani and Megyn

Advt - O

# 50th Wedding Anniversary
## 30- 04 -2022



## E. M. Andrews & Santhamma Andrews

**Edasseril House, Velloothuruthy**

Best wishes from
BIJU, SOJI & ANSON
SINI, BABU, TOMIN, AMALU & EDISON

Advt - O

# CONGRATULATIONS



**Dr. Reena Kurian**



**Dr. Renni mol Kurian**

Chennai : SRM University ൽ നിന്നും BOT (Bachelor of occupational therapy) ൽ ഉന്നത വിജയം കൈവരിച്ച **Dr. Reena Kurian** നും **Dr. Renni mol Kurian** നും അഭിനന്ദനങ്ങൾ. ഇവർ Ranni Jundaikal, Panavelil, Mr. P. A. Kurian ന്റെയും Mrs. Jollykutty Kurian ന്റെയും പുത്രിമാരും Ranni Mannamaruthy, St. Thomas Knanaya Kurisupally ഇടവകാംഗങ്ങളുമാണ്.

with best compliments from
Panavelil Family

Advt - O

# വിവാഹിതരായി



Advt - O

തിരുവനന്തപുരം സെന്റ് ഇഗ്നേഷ്യസ് ക്നാനായപള്ളി ഇടവകയിൽ വെട്ടിമൂട്ടിൽ (Late) വി. കെ. ബാബുക്കുട്ടിയുടെയും സുജാ ബാബുക്കുട്ടിയുടെയും മകൻ **ആകാഷ് ബാബുവും** തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായപള്ളി ഇടവകയിൽ മുണ്ടയ്ക്കൽ സ്കറിയ ഏബ്രഹാം (ജയമോൻ) ന്റെയും ജിജി ജയമോന്റെയും മകൾ **മമത എൽമ സ്കറിയായും** തമ്മിലുള്ള വിവാഹം 15-01-2022 ൽ അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ നടത്തപ്പെട്ടു.



"ALL GLORY TO JESUS"

**HAPPY 50TH**
**WEDDING ANNIVERSARY**
**DEAR PAPPA & MUMMY**
30-04-2022

## THOMAS JOSEPH (SUNNY)
## &
## MOLLY THOMAS

**PUTHIAMADOM**
**(THATTAMPARAMBIL)**
**VAKATHANAM**

**Best wishes & prayers**

CECIL, JISHA
EVAN

SNEHA, MANOJ
EBEN, LIYAN

Advt - R

# 20-ാമത് ക്നാനായ കൺവൻഷൻ 2022



# CLEMIS SCHOOL CHINGAVANAM

(Affiliated to CBSE, New Delhi. Affiliation No. 930142) Phone: 0481-2430108, 9790944497, 9400703824




## ADMISSIONS OPEN
## 2022-2023 LKG to IX & XI

- A long tradition of academic excellence and leadership
- Personal and intensive care on slow learners
- Loving and friendly atmosphere
- School buses through all major local routes
- Choice of extra curricular activities
- Committed teachers
- Senior Secondary streams

Science-
Physics, Chemistry,
Biology, Mathematics,
Malayalam, Computer Sc.

Commerce-
Business studies,
Accountancy,
Economics, Mathematics,
Computer Sc., Malayalam.





Advt - O

Email: clemisschool@yahoo.com Website: www.clemisschool.com
For Admission and other queries please contact School office


ST.MARYS KNANAYA PRAYER GROUP
RIYADH - SAUDI ARABIA
MANAGING COMMITTEE - 2022
SPIRITUAL COORDINATOR
BENNY UTHUPPAN
Edasseriath - Kuttoor
Contact.:+966 502908024
St. Mary's Knanaya Prayer Group - Riyadh
PRESIDENT
SUNIL IDICULLA
Kottamkuzhiyil - Mannar
Contact.: +966 537062565
SECRETARY
BINOY ULAHANNAN
Kizhakkumcheryil
Ramamangalam
TRUSTEE
REJI CHACKO
Chackacheril
Venpala
SUNDAY SCHOOL HEAD MASTER
NIJU THOMAS
Kadakkethu Muringakalayil
Vaikom, Ranny
COMMITTEE MEMBER
MANU MATHEW
Pazhayapeedikayil
Kallissery
COMMITTEE MEMBER
THOMAS ABRAHAM
Moozhiperumethu
Thiruvanathapuram
VANITHA SAMAJAM CO-ORDINATOR
GINTA JACOB
Pazhayattu
Thonikadavu
Advt - O

# വിവാഹിതരായി



Advt - O

ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ വരാച്ചേരിയിൽ പുത്തൻപറമ്പിൽ ബിനോയ് പി.എ.യുടെയും ലിനി ഏബ്രഹാമിന്റെയും മകൻ Dn. **ബിൻസു ഏബ്രഹാമും** വെള്ളുത്തുരുത്തി സെന്റ് മേരീസ് പള്ളി ഇടവകയിൽ പാറക്കുളത്ത് ബിനോ പി. ഏലിയാസിന്റെയും ബിൻസി ബിനോയുടെയും മകൾ **അരോണ സൂസൻ ബിനോയും** തമ്മിലുള്ള വിവാഹം 2022 ജനുവരി 2 –ാം തീയതി ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.



## 50th Wedding Anniversary

09 – 04 – 2022

*May God bless you two as much as*
*We have been blessed through both of you*

## MATHEW ABRAHAM
## &
## ALEYAMMA ABRAHAM

**THEKKUMMOOTTIL,**
**VALLAMKULAM**

With Love & Prayers
Children, Grand Children & Relatives.
Southern Rocks Family

Advt - O

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ **വി. ക്നായിതോമാ അനുസ്മരണ സമ്മേളനം**
**ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** ഉദ്ഘാടനം ചെയ്യുന്നു.





**കൊടുങ്ങല്ലൂർ പൈതൃക സ്മാരകത്തിൽ 36–ാം ഞായറാഴ്ച വി. കുർബാനയ്ക് ശേഷം വി. ക്നായി തോമ അനുസ്മരണ സമ്മേളനം ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രാഹം തോട്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു ക്നാനായ കമ്മിറ്റി അംഗം വില്ലി വടാമറ്റം, റ്റി. സി. തോമസ് തോപ്പിൽ, ട്രസ്റ്റി തോമസ്കുട്ടി മറ്റക്കാട്ട്, ഇ. പി. കുര്യാക്കോസ് ഇടവഴിക്കൽ ക്നാനായ കത്തോലിക്കാ സമുദായ പ്രതിനിധികളായ ജോണി കുരുവിള പടിക്കമ്യാലിൽ, ഷിബി പഴയംമ്പള്ളി, പീറ്റർ പള്ളിക്കുന്നേൽ, ജിമ്മി ചെറിയാൻ തുടങ്ങിയവർ സമീപം.**




**Happy 25th**
**Wedding Anniversary**
19 – 04 – 2022

**Bejoy & Jayamol**
**Malathuseril**
**Chicago**

With Love
Harsha, Alvin, Varsha

Advt - O

# 20-ാമത് ക്നാനായ കൺവൻഷൻ

ജിജി ഏബ്രഹാം കറുകേലിൽ, ജനറൽസെക്രട്ടറി, ക്നാനായ സുവിശേഷ സമാജം

ദൈവകൃപയാൽ 20-ാമത് ക്നാനായ കൺവൻഷൻ മാർച്ച് 2 ബുധൻ മുതൽ 6 ഞായർ വരെയുള്ള ദിവസങ്ങളിലായി കറ്റോട് സെന്റ്മേരീസ് ക്നാനായപള്ളി അങ്കണത്തിൽ വളരെ അനുഗ്രഹീതമായി നടത്തുവാൻ സാധിച്ചു. അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മാർ സേവേറിയോസ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

'കുരിശ് ലോകത്തിന്റെ പ്രത്യാശയും നവയുഗത്തിന്റെ പ്രഖ്യാപനവുമാണെന്നും കുരിശ് ജീവിതമാതൃക ആകുമ്പോഴാണ് ലോകം ക്രിസ്തുശിഷ്യരെ തിരിച്ചറിയുന്നതെന്നും ക്രിസ്തുവിന്റെ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് മനുഷ്യന്റെ സമഗ്ര വിമോചനത്തിനുവേണ്ടി തങ്ങളുടെ ജീവിതത്തെ സമർപ്പിക്കണമെന്നും ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മാർ സേവേറിയോസ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. 'പകയുടെയും വിദ്വേഷത്തിന്റെയും അക്രമത്തിന്റെയും ശക്തികൾ പിടിമുറുക്കുന്ന ഇന്നത്തെ സാമൂഹിക സാഹചര്യങ്ങളിൽ നീതിക്കുവേണ്ടിയും സത്യത്തിനുവേണ്ടിയും ദൈവരാജ്യമൂല്യങ്ങൾക്കുവേണ്ടിയും കുരിശ് കാട്ടിത്തരുന്ന ജീവിത ശൈലിയുടെ വക്താക്കളായി ജീവിക്കാൻ നമുക്ക് കഴിയണമെന്നും' ക്നാനായ സമുദായ മെത്രാപ്പോലീത്ത ഉദ്ബോധിപ്പിച്ചു.

നോമ്പിൽ നമുക്ക് ദീർഘക്ഷമ ഉണ്ടാകണമെന്നും നമ്മുടെ പ്രാർത്ഥനകൾ മാലാഖമാർക്ക് സദൃശ്യപെട്ടുകൊണ്ടുള്ളത് ആയിരിക്കണമെന്നും അദ്ധ്യക്ഷ പ്രസംഗത്തിൽ അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. എന്നാൽ ഇന്ന് കാണുന്നത് ദൈവത്തെ പരീക്ഷിക്കുന്ന ഭക്തിപ്രകടനങ്ങൾ ആണെന്ന് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു.

ഫാ. ബോബി ജോസ് കപ്പൂച്ചിൻ വചന ശുശ്രൂഷ നടത്തി. നമ്മുടെ കർത്താവിന്റെ ക്രൂശിലെ 7 മൊഴികൾ മഴവില്ല്പോലെ സൗന്ദര്യമുള്ളതാണെന്ന് ഏഴ് മൊഴികളെ മഴവില്ലിനോട് ഉപമിച്ച് അച്ചൻ പറഞ്ഞു. സുവിശേഷ സമാജം റാന്നിമേഖല വൈസ് പ്രസിഡന്റ് ഫാ.എം.സി സ്ക്കറിയ മധുരംകോട്ട് ധ്യാനം നയിച്ചു. ജനറൽ സെക്രട്ടറി ജിജി ഏബ്രഹാം കറുകേലിൽ സ്വാഗതവും ട്രസ്റ്റി സജി മുണ്ടയ്ക്കൽ കൃതജ്ഞതയും പറഞ്ഞു.

കൺവൻഷൻ രണ്ടാം ദിവസം ഫാ. ജിസ്സൻ പോൾ വേങ്ങാശ്ശേരിൽ വചനപ്രഘോഷണം നടത്തി. വർത്തമാന കാലത്തിൽ നാം നമ്മുടെ തെറ്റുകളെ തിരിച്ചറിയാതെ പോകുന്നതാണ് വലിയ പ്രതിസന്ധിയെന്ന് അദ്ദേഹം പറഞ്ഞു. നമ്മുടെ പാപങ്ങൾ എന്തെന്ന് മനസ്സിലാക്കി അനുതപിക്കുവാനും അനുതാപത്തിന്റെ ആവശ്യകതയെന്താണെന്നും അനുതാപം നമ്മുടെ ജീവിതത്തിൽ കൊണ്ടുവരുന്ന മാറ്റത്തെക്കുറിച്ചും ഈ കാലഘട്ടത്തിൽ നമ്മൾ തിരുത്തേണ്ട പാപത്തെക്കുറിച്ചുമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിലെ മുഖ്യപ്രതിപാദ്യം. സുവിശേഷകൻ ബാബു ചാക്കോ നെടുങ്ങാത്ര ധ്യാനം നയിച്ചു. കൺവൻഷൻ പ്രയർ ചാപ്ലയിനും കറ്റോട് ഇടവക വികാരിയുമായ ഫാ. എ.ഒ. ജോൺ അമ്മനംകുന്നത്ത് സ്വാഗതവും സുവിശേഷ സമാജം ജോയിന്റ് സെക്രട്ടറി തങ്കച്ചൻ ഇടയാടിച്ചിറ കൃതജ്ഞതയും പറഞ്ഞു.

കൺവൻഷൻ മൂന്നാം ദിവസം ഫാ. ജോജോ തളികസ്ഥാനം വചനപ്രഘോഷണം നടത്തി. ചേരിതിരിഞ്ഞുള്ള പകയും വിദ്വേഷവും മനസ്സിൽ വച്ചുകൊണ്ടാണ് ഇന്ന് ഭക്തി അഭ്യാസങ്ങൾ കാട്ടിക്കൂട്ടുന്നതെന്നും ഇത് സമൂഹത്തെ അപകടത്തിലേക്ക് എത്തിക്കുകയേയുള്ളുവെന്നും ക്ഷമിക്കുവാനും വിട്ടുകൊടുക്കുവാനും എല്ലാ തലങ്ങളിലും കഴിഞ്ഞില്ലെങ്കിൽ ശത്രു നമ്മെ നശിപ്പിക്കുമെന്നും അച്ചന്റെ പ്രസംഗത്തിൽ പറഞ്ഞു. സുവിശേഷ സമാജം കല്ലിശ്ശേരി മേഖല വൈസ് പ്രസി. ഫാ. ഷാജൻ കുര്യൻ വലിയവീട്ടിൽപടിക്കൽ ധ്യാനം നയിച്ചു. സുവിശേഷ സമാജം ചിങ്ങവനം മേഖലാ വൈസ് പ്രസിഡന്റ് ഫാ. ലിജോ ജോസഫ് സ്വാഗതവും കേന്ദ്ര കമ്മിറ്റി അംഗം വി.സി. തോമസ് വെട്ടിമൂട്ടിൽ കൃതജ്ഞതയും പറഞ്ഞു.

നാലാം ദിവസത്തെ കൺവൻഷൻ യോഗത്തിൽ റവ. മോത്തി വർക്കി വചനശുശ്രൂഷ നടത്തി. 'സഭ ഒരു സ്നേഹവസന്തം' ആണെന്നതായിരുന്നു അച്ചന്റെ പ്രസംഗത്തിന്റെ മുഖ്യകാതൽ. യേശുവിന്റെ ജീവിതത്തിൽ വെളിപ്പെട്ട കവിയുന്ന സ്നേഹം പങ്കിടുന്നവരുടെ കൂട്ടായ്മയാണ് ക്രിസ്തുസഭ. സങ്കുചിതവും സാമുദായികവുമായ താല്പര്യങ്ങൾ പ്രധാന പരിഗണനയാകുമ്പോൾ സഭ പൊതുസമൂഹത്തിന് ഒരു ബാധ്യതയാകും. അങ്ങനെയായാൽ സഭ അധികാരികളുടെ മാത്രം ആവശ്യമാകും. എന്നാൽ കാരുണ്യവും മനുഷ്യത്വവും നീതിബോധവും ജീവിതശൈലി ആകുമ്പോൾ സഭ ഒരു സ്നേഹവസന്തമായി മാറുമെന്ന് അച്ചന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. സുവിശേഷ സമാജം മുൻ ജനറൽ സെക്രട്ടറി സി.സി. ഏബ്രഹാം കൊന്നയിൽപള്ളത്ത് സ്വാഗതവും കൺവൻഷൻ ഫിനാൻസ് കൺവീനർ ടി.സി. ജേക്കബ് തോപ്പിൽ കൃതജ്ഞതയും പറഞ്ഞു.

കൺവൻഷൻ സമാപന ദിവസത്തിൽ അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത സമാപന സന്ദേശം നൽകി. ത്യാഗത്തിൽ വളരുവാൻ നമുക്ക് കഴിയണമെന്നും നമ്മൾ ഓരോരുത്തരും ഭൂമിയുടെ ഉപ്പും വെളിച്ചവും ആയിത്തീരണമെന്നും ഉപ്പ് ഭക്ഷണത്തിൽ അലിഞ്ഞു ചേർന്ന് ശൂന്യമാക്കപ്പെടുന്നതിലൂടെ ഭക്ഷണം രുചികരമായിത്തീരുന്നു. അതുപോലെ അന്ധകാരത്തിലേക്കു വെളിച്ചം കടന്നു ചെല്ലുമ്പോൾ ഇരുട്ട് ഇല്ലാതായിത്തീരുന്നു. ഇതാണ് ത്യാഗത്തിന്റെ ഉദാത്ത മാതൃകയെന്ന് അഭി.മെത്രാപ്പോലീത്ത ചൂണ്ടിക്കാണിച്ചു. നമ്മുടെ രക്ഷകനായ യേശുക്രിസ്തു

ക്രൂശിൽ കാണിച്ചുതന്നത് ത്യാഗത്തിന്റെ മകുടോദാഹരണ മാണ്. ക്രിസ്തു സ്വയം ശൂന്യവൽക്കരിച്ചതിലൂടെ മരണ ത്തിന്റെ അന്ധകാരത്തിൽ ആയിരുന്ന നാം ഓരോരുത്തരും ജീവന്റെ പ്രകാശത്തിലേക്കു കടക്കുവാൻ കഴിഞ്ഞു. നോമ്പിന്റെ ദിനങ്ങളിൽക്കൂടെ ഗമിക്കുന്ന നമുക്ക് ത്യാഗ ത്തിൽ ജീവിതത്തെ പ്രകാശിപ്പിക്കുവാൻ സാധിതമായിത്തീ രണമെന്നും മോർ ഇവാനിയോസ് മെത്രാപ്പോലീത്ത പ്രബോ ധിപ്പിച്ചു.

ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട് ധ്യാനം നയിച്ചു. ഫാ. ഏലിയാസ് ഐപ്പ് അങ്കമാലി വചനശുശ്രൂഷ നടത്തി. മനുഷ്യ ജീവിതത്തിൽ നഷ്ടപ്പെട്ടു പോയതിനെ മടക്കിത്ത രുന്ന ദൈവത്തെക്കുറിച്ചുള്ള ചിന്തകളാണ് അച്ചൻ പങ്കുവ ച്ചത്. നമ്മുടെ ജീവിതത്തിൽ നമ്മൾ നഷ്ടപ്പെടുത്തിയത് എത്ര ചെറുതോ വലുതോ ആയിക്കൊള്ളട്ടെ അത് നമ്മുടെ ജീവിതത്തിൽ മടക്കിത്തരുന്ന സ്വർഗ്ഗീയ പിതാവാണ് നമു ക്കുള്ളതെന്ന് അച്ചൻ പറഞ്ഞു.

സുവിശേഷ സമാജം വൈസ് പ്രസിഡന്റ് ഫാ. ബെന്നി എബ്രഹാം മാമ്മലശ്ശേരിൽ സ്വാഗതവും ജനറൽ കൺവീ നർ മാത്യു എബ്രഹാം അമ്പലപ്പാട്ട് കൃതജ്ഞതയും പറ ഞ്ഞു. ദിവസവും ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വ ത്തിൽ സന്ധ്യാപ്രാർത്ഥനയും ഗായകസംഘത്തിന്റെ സ്തുതിഗീതാലാപനങ്ങളും ഉണ്ടായിരുന്നു. എല്ലാ യോഗ ങ്ങൾക്കും സമുദായത്തിലെ മെത്രാപ്പോലീത്തമാർ നേതൃത്വം നല്കി.

നന്ദി..നന്ദി.. ഏവർക്കും ഒരായിരം നന്ദി.

ക്നാനായ കൺവൻഷൻ ഒരിക്കൽകൂടി നടത്തുവാൻ ഇട യാക്കിയ സർവ്വശക്തനായ ദൈവത്തിന് സ്തുതി.

കോവിഡ് പശ്ചാത്തലത്തിൽ തിരുവല്ല നഗരസഭാ മൈതാ നത്ത് കൺവൻഷൻ നടത്താൻ കഴിയാത്ത സാഹചര്യ ത്തിൽ കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി സന്തോഷത്തോടെ പള്ളിയുടെ എല്ലാ സൗകര്യങ്ങളും വിട്ടു തന്ന കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളി വികാരി ഫാ. എ.ഒ. ജോൺ അമ്മനംകുന്നത്ത്, ഇടവക ട്രസ്റ്റി കെ.റ്റി. ഏബ്രഹാം കുഴിപറമ്പിൽ, സെക്രട്ടറി കെ.എം. ഇടിക്കുള കിടങ്ങേറ്റിപറമ്പിൽ, നിർവാഹക സമിതി അംഗങ്ങൾ, ഇട വക സുവിശേഷകർ, ഇടവകാംഗങ്ങൾ എന്നിവരോടും...

സുവിശേഷ സമാജത്തിന്റെ കൺവൻഷൻ നടത്തിപ്പിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് കളക്ഷനു മായി ബന്ധപ്പെട്ടപ്പോൾ എല്ലാവിധമായ പ്രോത്സാഹന ങ്ങളും സഹകരണങ്ങളും കൈത്താങ്ങലുകളും തന്ന സമു ദായത്തിലെ മുഴുവൻ ഇടവക വികാരിമാർ, ട്രസ്റ്റിമാർ, സെക്രട്ടറിമാർ, നിർവാഹക സമിതി അംഗങ്ങൾ. ഇടവകാം ഗങ്ങൾ എന്നിവരോടും...

ഫണ്ട് കളക്ഷനായി സമർപ്പണത്തോടെ സഹകരിച്ച സുവിശേഷകരോടും സുവിശേഷ താല്പരരോടും, ദിവ സവും മനോഹരമായി സ്തുതിഗീതങ്ങൾ ആലപിച്ച ഗായ കസംഘ അംഗങ്ങളോടും എല്ലാ ദിവസവും കൺവൻഷൻ സൗജന്യമായി ടെലികാസ്റ്റ് ചെയ്ത മന്നാവിഷനോടും പ്രവർത്തകരോടും, കൺവൻഷൻ തയ്യാറെടുപ്പുകൾ കോർഡിനേറ്റ് ചെയ്ത ജനറൽ കൺവീനറോടും പ്രയർ, റെസിപ്ഷൻ, പന്തൽ, സൗണ്ട്, ഫിനാൻസ് കമ്മിറ്റികളുടെ കൺവീനർമാരോടും അംഗങ്ങളോടും, ദിവസവും അതിഥി കൾക്കായി രുചികരമായ ഭക്ഷണങ്ങൾ ഭവനത്തിൽ തയ്യാ റാക്കി ഒരുക്കികൊണ്ടുവന്ന് വിളിമ്പി കൊടുത്ത ഫുഡ് കമ്മി റ്റിയുടെ കൺവീനറോടും അംഗങ്ങളോടും, കൺവൻഷൻ വിജയത്തിനായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത സമുദായ സ്നേഹികളായ എല്ലാ വിശ്വാസിക ളോടും സുവിശേഷകരോടും സുവിശേഷതല്പരരോടും കൺവൻഷൻ ഓഫിസിന് സ്ഥലം ഒരുക്കിത്തന്ന പുളിമൂ ട്ടിൽ ലിസ്സിയമ്മ കുറിയാക്കോസിനോടും വിവിധ ദിവസങ്ങ ളിലെ കൺവൻഷനിൽ വന്ന് സംബന്ധിച്ച വൈദികരോടും സിസ്റ്റേഴ്സിനോടും വിശ്വാസികളോടും, ചെറുതും വലുതു മായ സഹായ സഹകരണങ്ങൾ ചെയ്ത ഏവരോടും നന്ദി അറിയിക്കുന്നു.

ദൈവം അനുവദിച്ചാൽ 21-ാ മത് ക്നാനായ കൺവൻഷൻ 2023 ഫെബ്രുവരി 22 ബുധൻ മുതൽ 26 ഞായർ വരെയുള്ള ദിവസങ്ങളിലായി തിരുവല്ല നഗരസഭാ മൈതാനത്ത് നടത്തണമെന്ന് പ്രത്യാശിക്കുന്നു.

# കൊടുങ്ങല്ലൂരിൽ ക്നായിതോമാ ദിനം ആചരിച്ചു

കൊടുങ്ങല്ലൂർ ക്നാനായ സമുദായ പൈതൃക സ്മാരകത്തിൽ 36-ാം ഞായറാഴ്ച ക്നാനായ കത്തോലിക്കാ വിഭാഗത്തിന്റെയും. സിറിയൻ ക്നാനായ സമുദായത്തിന്റെയും ആഭിമുഖ്യത്തിൽ ധാരാളം ക്നാനായ സമുദായ അംഗങ്ങളുടെ സാന്നിധ്യത്തിൽ സംയുക്തമായി ക്നായിതോമാ ഓർമ്മ ദിന അനുസ്മരണം നടത്തി.

റവ. ഫാ. ഷെറിൻ സി. കൊല്ലംപറമ്പിലിന്റെ കാർമ്മികത്വത്തിൽ വി. കുർബാനയ്ക്ക് ശേഷം ക്നായി തോമ അനുസ്മരണ സമ്മേളനം ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രാഹം ഉദ്ഘാടനം ചെയ്തു. ക്നാനായ കമ്മറ്റി അംഗം വില്ലി വടാമറ്റം, റ്റി.സി. തോമസ് തോപ്പിൽ, ട്രസ്റ്റി തോമസ്കുട്ടി മറ്റക്കാട്ട്, ഇ.പി.കുര്യാക്കോസ് ഇടവഴിക്കൽ, ക്നാനായ കത്തോലിക്കാ സമുദായ പ്രതിനിധികളായ ജോണി കുരുവിള പടിക്കമ്യാലിൽ, ഷിബി പഴയംമ്പള്ളി, പീറ്റർ പള്ളിക്കുന്നേൽ, ജിമ്മി ചെറിയാൻ തുടങ്ങിയവരും അനേകം ക്നാനായ സമുദായ അംഗങ്ങളും പങ്കെടുത്തു.





# പരീക്ഷ,
# ഒന്ന് നന്നായി തയ്യാറെടുക്കാം!

സുനിൽ ഡി. കുരുവിള

പരീക്ഷയ്ക്ക് ഒരുങ്ങുന്ന എല്ലാ വിദ്യാർത്ഥികൾക്കും ആശംസകൾ!

പരീക്ഷ ഏറെക്കുറെ എല്ലാവർക്കും തുല്യ അവസരങ്ങൾ ആണ് നൽകുന്നത്.

എന്നാൽ അതിനോട് നമ്മൾ എങ്ങനെ പ്രതികരിക്കുന്നു എന്നുള്ളതാണ് അതിന്റെ result നെ വ്യത്യസ്തമാക്കുന്നത്! ചിലർ പരീക്ഷയെ നെഗറ്റീവ് ആയി കാണുന്നു. "എന്തിനാണ് ഈ പരീക്ഷ?" '

ഇതൊരു ശല്യമാണല്ലോ!

അവരുടെ സ്ഥിരം അലസതയ്ക്കും ശീലങ്ങൾക്കും വിനോദങ്ങൾക്കും ഒക്കെ പരീക്ഷ തടസ്സമാണെന്നു മനസ്സിലാക്കുന്നു!

ചിലർ പരീക്ഷയെ പേടിക്കുന്നു. വലിയ ആകുലതയും ടെൻഷനും ഒക്കെ ആയി അതിനെ സമീപിക്കുന്നു. സമാധാനം നഷ്ടപ്പെടുന്നു! എന്നാൽ മറ്റു ചിലർ പരീക്ഷയ്ക്കായി കാത്തിരിക്കുന്നു! അവർ Systematic ആയി പഠിക്കുന്നവരാണ്. അവർക്കു അവരെ test ചെയ്യാൻ - prove ചെയ്യാനുള്ള വലിയ അവസരമായി പരീക്ഷയെ കാണുന്നു! എല്ലാവരും equal ആയ ഒരു ക്ലാസ്സിൽ അല്ലെങ്കിൽ സമൂഹത്തിൽ അവർ performance കൊണ്ട് വ്യത്യസ്ഥരാകാനും വലിയ നേട്ടങ്ങൾ സ്വന്തമാക്കാനും ആഗ്രഹിക്കുന്നു!



ചെറിയ ക്ലാസ്സ് മുതലെ systematic ആയി പഠിക്കുകയും perform ചെയ്യുകയും achieve ചെയ്യുകയും ഒക്കെ ചെയ്യുന്നവർക്കാണ് വലിയ അവസരങ്ങൾ ലഭിക്കുക. നല്ല 'track record' ഉള്ളവർ എന്നാണ് കോർപ്പറേറ്റ് തൊഴിൽ രംഗത്തൊക്കെ ഇത്തരക്കാരെ അടയാളപ്പെടുത്തുക. താൽക്കാലിക സുഖങ്ങൾക്കും ആനന്ദങ്ങൾക്കും അലസതയ്ക്കും ആസക്തിക്കും ഒക്കെ അടിമപ്പെടുമ്പോൾ നമ്മൾ നഷ്ടപ്പെടുത്തുന്നത് വലിയ ഒരു ഭാവിയും അവസരങ്ങളും സാധ്യതകളും ആണ് എന്ന് മറക്കരുത്!

പരീക്ഷ വലിയ ഒരു സാധ്യതയാണ് - അവസരമാണ്!

നല്ല ഒരു വിദ്യാർത്ഥിക്ക് പരീക്ഷ കൂടുതൽ ശുഷ്ക്കാന്തിയോടെ പഠിക്കാനുള്ള പ്രേരണയാണ്..... അതൊരു ആവേശവും സന്തോഷവും അവരിൽ നിറയ്ക്കുകയും ചെയ്യും!

പരീക്ഷ അറിവിന്റെ വിലയിരുത്തൽ മാത്രമല്ല. ഒരുപാടു നൈപുണ്യങ്ങൾ നേടാനുള്ള ഒരു വേദികൂടിയാണ്. പുതിയ കാലത്തു അറിവിനേക്കാൾ തൊഴിൽരംഗത്ത് നൈപുണ്യങ്ങൾക്കാണ് ഡിമാന്റ്. പരീക്ഷ നൈപുണ്യങ്ങളുടെ കലവറകൂടിയാണ്. ഓരോ വിഷയവും മനസ്സിലാക്കാനും വിശകലനം ചെയ്യാനുമുള്ള കഴിവ്, അപഗ്രഥിക്കാനും അതിന്റെ പ്രായോഗിത (application) തിരിച്ചറിയാനുമുള്ള കഴിവ്, ആസൂത്രണം ചെയ്യുക, നന്നായി എഴുതുക, ക്രിയാത്മകമായി ചിന്തിക്കുക, സമയം മാനേജ് ചെയ്യുക, ഉത്തരത്തെ organise ചെയ്യുക, പ്രശ്നം പരിഹരിക്കുക..... ഇങ്ങനെ പല നൈപുണ്യങ്ങളും പരീക്ഷയിലൂടെ നേടാൻ കഴിയും. നമ്മുടെ ആത്മവിശ്വാസവും വൈകാരിക ബുദ്ധിശക്തിയും മാനസിക ആരോഗ്യവും ഒക്കെ ഒരു പരിധിവരെ വിലയിരുത്താൻ പരീക്ഷകാലം നമ്മളെ സഹായിക്കും. ബുദ്ധിയുള്ളവർ ഇതെല്ലാം കൃത്യമായി മനസ്സിലാക്കി വ്യക്തിവികസനം ആസൂത്രണം ചെയ്യും!

മികച്ച പഠനം ഭാവി ഉറപ്പാക്കും! പ്രവേശന പരീക്ഷകൾ ഒക്കെ നേരിടാൻ തയ്യാറാക്കും. മികച്ച റിസൾട്ട് ഉന്നതമായ ഉപരിപഠന സാദ്ധ്യതകൾ നൽകും. നല്ലൊരു വിദ്യാർത്ഥിക്ക് നല്ല സ്ഥാപനങ്ങളിൽ ഒക്കെ പഠിക്കാനും നല്ല തൊഴിൽ അവസരങ്ങൾ നേടിയെടുക്കാനും അവസരം ലഭിക്കും.

കൗമാരം ബുദ്ധിപരമായി 'നിക്ഷേപിക്കുന്നവർ' ഉന്നതമായ ലൈഫ് ടൈം achievements നേടും, ഓർക്കാം! സെൽ ഫോണിൽ 'ഗെയിം' കളിച്ചിരുന്നാൽ വലിയ നഷ്ടമായിരിക്കും ഫലം! അറിവും നൈപുണ്യങ്ങളുമാണ് ആധുനിക ലോകത്തെ സാധ്യതകളുടെ കവാടത്തിന്റെ താക്കോൽ.

മോഡൽ എക്സാം ഒക്കെ നന്നായി വിലയിരുത്താം. എവിടെയൊക്കെയാണ് Improve ചെയ്യേണ്ടത്, കണ്ടെത്താം. അദ്ധ്യാപകർ തരുന്ന last minute നിർദ്ദേശങ്ങൾ ഒക്കെ ശ്രദ്ധി

ക്കാം. ഓരോ വിഷയവും ഒന്ന് വിശകലനം ചെയ്യാം. syllabus എത്ര, എന്തെല്ലാം പഠിച്ചു, ഇനി എന്തെങ്കിലും ബാക്കിയുണ്ടോ? അറിയാൻ വയ്യാത്ത ഭാഗമുണ്ടോ, ആരുടെയെങ്കിലും ഹെൽപ്പ് എടുക്കേണ്ടതുണ്ടോ? ഒരു ടൈം ടേബിൾ തയ്യാറാക്കാം. Exam time table കൂടി പരിഗണിച്ചു വേണം അത് തയ്യാറാക്കാൻ. അനാവശ്യ യാത്രകൾ, ആഘോഷങ്ങൾ ഒക്കെ ഒഴിവാക്കാം. പുറത്തു നിന്നുള്ള ആഹാരം കഴിവതും ഉപേക്ഷിക്കാം. നല്ല പോഷക സമൃദ്ധമായ ആഹാരം ശീലിക്കാം. അമിത ആഹാരം വേണ്ട. ധാരാളം വെള്ളം കുടിക്കാനും fruits കഴിക്കാനും ഒക്കെ ശ്രമിക്കാം. ചൂട് കൂടുകയല്ലേ?

ട്യൂഷൻ സെന്ററിൽ അല്ല വീട്ടിൽ ഇരുന്നു പഠിക്കുക! സത്യസന്ധവും അർപ്പണബോധവും ഉയർന്നു നിൽക്കട്ടെ! ഇത് എന്റെ ജീവിതവും എന്റെ ഭാവിയും എന്റെ ഉത്തരവാദിത്വവും മാത്രമാണ്, ഓർക്കാം!!!

Meditation, യോഗ, പ്രാർത്ഥന ഒക്കെ concentration വർദ്ധിപ്പിക്കാനും ഓർമ്മശക്തി കൂട്ടാനും മനസ്സ് ലക്ഷ്യത്തിൽ തന്നെ കേന്ദ്രീകരിക്കാനും ഉൽക്കണ്ഠ കുറയ്ക്കാനും ആത്മവിശ്വാസം വർദ്ധിപ്പിക്കാനും ഒക്കെ സഹായിക്കും.

പഠിത്തത്തോടൊപ്പം ഇടയ്ക്കു അല്പം വിശ്രമിക്കാനും ആവശ്യത്തിന് ഉറങ്ങാനും relax ചെയ്യാനും ഒന്നും മറക്കേണ്ട. ശുചിത്വം വളരെ പ്രധാനം. അല്പം വ്യായാമവും ഉത്തമം.

ആധുനിക ലോകം result മാത്രമെ വിശ്വസിക്കുകയുള്ളൂ. എല്ലാം ഡിജിറ്റൽ ആയി മാത്രമാണ് വിലയിരുത്തുന്നത്. Performance ആണ് എവിടെയും നിലനിൽക്കാനുള്ള ഒരേയൊരു മാർഗ്ഗം! നാളെ ദുഃഖിക്കരുത്. കഴിവിന്റെ പരമാവധി പരിശ്രമിക്കാം! നല്ല result നേടാം. ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ! ആശംസകൾ ●

## ക്നാനായ സുവിശേഷ സമാജം
## ഭവനദാനപദ്ധതി

ക്നാനായ സുവിശേഷ സമാജം കേരള ഭവന നിർമ്മാണ ബോർഡുമായി ചേർന്ന് നടപ്പാക്കുന്ന ഭവനദാന പദ്ധതിയിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. വീട് നിർമ്മിക്കാൻ പറ്റിയ ബാധ്യതയില്ലാത്ത 3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായിട്ടുള്ള ഭവനരഹിതരായ/വാസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്തവർക്ക് അപേക്ഷിക്കാവുന്നതാണ്. ഇടവക വികാരി സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ ഏപ്രിൽ 25 ന് മുമ്പായി ലഭിക്കേണ്ടതാണ്.

**Contact : Ph: 9847801166**

# നിലവിലുള്ള കോടതി വിധിയുടെ വിശദീകരണം

പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ കല്പനയുമായി ബന്ധപ്പെട്ട കേസിനെക്കുറിച്ച് ഒരു വിശദീകരണം നൽകണമെന്ന് സമുദായ അംഗങ്ങൾ ആവശ്യപ്പെട്ടതിൻ പ്രകാരം ഒരു വിശദീകരണം നൽകുകയാണ്. പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ 15 ഇന കൽപ്പനയ്ക്കെതിരെ രണ്ട് സമുദായ അംഗങ്ങൾ തിരുവല്ല മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്യുന്നു.

പരിശുദ്ധ ബാവായുടെ കല്പന നടപ്പിലാക്കുന്നത് നിരോധിച്ചുകൊണ്ട് തിരുവല്ല കോടതി ഉത്തരവായി. ഈ സ്റ്റേയ്ക്ക് എതിരെ കോട്ടയം ജില്ലാ കോടതിയിൽ കൊടുത്ത അപ്പീലിന്മേൽ തിരുവല്ല കോടതിയുടെ ഉത്തരവിനെ ജില്ലാ കോടതി റദ്ദ് ചെയ്തു. റദ്ദ് ചെയ്തുകൊണ്ടുള്ള ജില്ലാ കോടതിയുടെ ഉത്തരവിൽ ഇപ്രകാരം ജില്ലാ കോടതിപറഞ്ഞിരിക്കുന്നു. തിരുവല്ലാ കോടതിയുടെ ഉത്തരവ് റദ്ദ് ചെയ്യുന്നു എങ്കിലും 2013 ഭരണഘടന നടപ്പിലാക്കുന്നത് സ്റ്റേചെയ്തുകൊണ്ടുള്ള OS No.506/13 ലെ ഉത്തരവ് ഇപ്പോഴും നിയമപരമായി നിലവിലുണ്ട് (ജില്ലാ കോടതി ഉത്തരവ് പാരഗ്രാഫ് 30,41 )അതുകൊണ്ട് ഈ കാര്യത്തിൽ പ്രത്യേകമായ ഒരു ഉത്തരവ് മറ്റൊരു കേസിൽ ഇനിയും ആവശ്യമില്ല, കാരണം മുഴുവൻ വിഷയങ്ങളും 506/ 13 കേസിൽ ഉൾക്കൊണ്ടിട്ടുണ്ട്.

ഇതിനെതിരെ വാദികൾ ബഹു. ഹൈക്കോടതിയിൽ അപ്പീൽ നൽകുകയും ബഹു. ഹൈക്കോടതി കോട്ടയം ജില്ലാകോടതി ഉത്തരവ് ശരി വെയ്ക്കുകയും ചെയ്തു.

ഈ ഹൈക്കോടതി ഉത്തരവിന്മേൽ വാദികൾ ബഹു. സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്തു.

ബഹു. സുപ്രീം കോടതി താഴെ പറയുന്ന ഉത്തരവിട്ടു.

ഈ SLP യിൽ ഉള്ള ഹൈക്കോടതി ഓർഡർ ഒരു ഇടക്കാല ഉത്തരവിന്റെ (IA യുടെ )പുറത്തുള്ള ഓർഡർ ആയതിനാൽ, ഞങ്ങൾ ഇപ്പോൾ പരിഗണിക്കുന്നില്ല. എന്നാൽ ഹൈക്കോടതിയുടെ ഉത്തരവിലെ പരാമർശങ്ങൾ ഒറിജിനൽ കേസിനെ ഒരു കാരണവശാലും ബാധിക്കാൻ പാടില്ല എന്ന് സുപ്രീംകോടതി വ്യക്തമാക്കിയിരിക്കുന്നു.

മേൽപ്പറഞ്ഞ കോടതി ഉത്തരവുകൾ പ്രകാരം ക്നാനായ കമ്മിറ്റി എടുത്ത ലീഗൽ ഒപ്പീനിയൻ അനുസരിച്ചു 2003 ഭരണഘടനയാണ് ഇപ്പോൾ സമുദായത്തിൽ നിലവിലുള്ളത്. കോടതി ഉത്തരവിൻ പ്രകാരം 2003 ഭരണഘടനയനുസരിച്ചു മാത്രമേ സമുദായം ഭരിക്കപ്പെടേണമെന്നു ക്നാനായ കമ്മിറ്റി രേഖാമൂലം സമുദായ മെത്രാപ്പോലീത്തയെ അറിയിച്ചിട്ടുണ്ട് എന്നുള്ള വിവരം സമുദായ അംഗങ്ങളെ അറിയിക്കുന്നു

**റ്റി. ഒ. എബ്രഹാം തോട്ടത്തിൽ .**

സമുദായ സെക്രട്ടറി.



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**കഴിഞ്ഞ ലക്കം തുടർച്ച**

ദൈവത്തിൽ ആശ്രയിക്കുക എന്നതാണ് ദൈവത്തിൽ വിശ്വസിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. "ദൈവം അറിയാതെ എനിക്കൊന്നും ഭവിക്കുകയില്ല." എന്ന ബോധ്യം. സ്വന്തം കഴിവിൽ ആശ്രയിക്കാതെ ദൈവാശ്രയത്തിൽ കഴിയുന്ന ഒരു വ്യക്തി ആത്മവിശ്വാസത്തിന്റെ ആൾരൂപമായിരിക്കും. അങ്ങനെയുള്ള മാതാപിതാക്കളുടെ മക്കൾ ദൈവവിശ്വാസികളാകുകയും ആത്മവിശ്വാസം ഉള്ളവരാകുകയും ചെയ്യും. ദൈവനടത്തിപ്പിനെക്കുറിച്ച് മക്കളെ ബോധ്യമുള്ളവരാക്കും.

ദൈവവിശ്വാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മതാത്മകത എന്നല്ല. ദൈവത്തിനുള്ള ശരണമാണ് മനുഷ്യർക്ക് ആവശ്യമായിരിക്കുന്നത്. ഇപ്രകാരമുള്ള ജീവിതശൈലി അവലംബിക്കുന്ന മാതാപിതാക്കളുടെ മക്കൾ ഉറച്ച മൂല്യബോധമുള്ളവരും നിശ്ചയദാർഢ്യമുള്ളവരുമാകും. അവർ ജീവിതത്തിൽ പ്രതിസന്ധികൾ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ നിരാശരാകുകയോ തളരുകയോ ചെയ്തില്ല. അവർ ഏത് പ്രതിസന്ധികളെയും ധൈര്യസമേതം അഭിമുഖീകരിക്കും. തങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന അപചയങ്ങളുടെ പേരിൽ ആരെയെങ്കിലും പഴിചാരുകയോ സ്വന്ത ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുകയോ ചെയ്യില്ല.

"അച്ചോ, ഞാനൊരു കാര്യം പറയട്ടെ", മഞ്ജു പറഞ്ഞു. അച്ചൻ പറഞ്ഞു: "ശരി. അങ്ങനെയാകട്ടെ."

"അച്ചോ ഞങ്ങളുടെ ചെറിയ പ്രായം മുതൽ മാതാപിതാക്കൾ എല്ലാ കാര്യങ്ങളും ദൈവത്തിൽ സമർപ്പിച്ച് ആവശ്യപ്പെടും. പരീക്ഷയ്ക്കുവേണ്ടി പഠിക്കുമ്പോൾ അമ്മ പറയും മോളെ പ്രാർത്ഥിച്ചുകൊണ്ട് പഠിക്കുക. പരീക്ഷയ്ക്കു പോകുമ്പോൾ പറയും മോളെ പ്രാർത്ഥിച്ചുകൊണ്ട് പരീക്ഷ എഴുതണം. എവിടെയെങ്കിലും പോകുമ്പോൾ പറയും പ്രാർത്ഥിച്ചിട്ട് ഇറങ്ങണം. ഏതെങ്കിലും വിഷയത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ പറയും; പ്രാർത്ഥിച്ചിട്ട് തീരുമാനമെടുക്കണം. അങ്ങനെ എല്ലാറ്റിനും ദൈവത്തോട് ബന്ധപ്പെടുത്തുന്ന മാതാപിതാക്കളായിരുന്നു ഞങ്ങളുടേത്". മഞ്ജു പറഞ്ഞു നിർത്തിയപ്പോൾ അച്ചൻ പറഞ്ഞു, മിക്കവാറും മാതാപിതാക്കൾ ഈ ശൈലി പിൻതുടരുന്നവരാണ്. രണ്ടു നേരവും പ്രാർത്ഥിക്കുക. ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കുക, ബൈബിൾ വായിക്കുക, സഭ കല്പിച്ചിട്ടുള്ള പ്രാർത്ഥനകൾ, നോമ്പ്, ഉപവാസം എന്നിവയൊക്കെ ആചരിക്കുക എന്നീ ശൈലി അവലംബിക്കുന്ന കുടുംബത്തിലെ കുഞ്ഞുങ്ങൾ ദൈവീക സാന്നിധ്യത്തിൽ വളരും. ഏത് പ്രതിസന്ധിയിലും ദൈവം കൂടെയുണ്ടെന്നുള്ള ധൈര്യം കുട്ടികളെ മനോബലമുള്ളവരാക്കും. നിരീശ്വരവാദികളുടെ മക്കളെക്കാൾ ദൈവവിശ്വാസികളുടെ മക്കൾ ജീവിത വിജയം കൈവരിക്കുന്നതിന് സാധ്യത കൂടുതലാണ്. നമ്മുടെ ചുറ്റുപാടുകളിൽ നിന്നും ധാരാളം ഉദാഹരണങ്ങൾ നമുക്ക് ലഭിക്കുന്നു.

"എന്റെ വീട്ടിൽ ചില കഠിന നിയമങ്ങൾ ഉണ്ടായിരുന്നു. സന്ധ്യ ആകുമ്പോൾ പ്രാർത്ഥന, വേദപുസ്തകം വായന, സുവിശേഷഗീതങ്ങൾ ആലപിക്കുക തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കാതെ അത്താഴം നൽകില്ല. നാല് മണിക്ക് ഒന്നും കഴിക്കാൻ ഇല്ലായിരുന്നാൽപോലും സന്ധ്യയ്ക്ക് നിർവഹിക്കേണ്ട കടമകൾ ചെയ്താൽ മാത്രമെ ഭക്ഷണം ലഭിക്കുന്നുള്ളു. ഞായറാഴ്ച പള്ളിയിൽനിന്നും സൺഡേസ്കൂളിൽ കയറാതെ വന്നാൽ ഉച്ചഭക്ഷണം തരില്ല. നോമ്പ് കാലമായാൽ Non Vegeterian food തരില്ല. വെള്ളിയാഴ്ച ഉച്ചവരെ ഉപവാസം എടുക്കണമായിരുന്നു." അച്ചൻ തുടർന്നു.

കഠിനമായ നടപടികൾ എന്നു തോന്നിയേക്കാം. പക്ഷെ നല്ല ശിക്ഷണത്തിൽ വളർന്നതുകൊണ്ടാണ് ഞാൻ ഇന്ന് വൈദികനായിരിക്കുന്നത്. മാതാപിതാക്കൾ കണ്ടെത്തിയ ദൈവത്തെ മക്കൾക്കും നൽകുക. ആത്മീയ ജീവിതത്തിൽ വിട്ടുവീഴ്ച പാടില്ല. If family pray together, stay together. മക്കളെ ദൈവവിശ്വാസത്തിൽ വളർത്തുന്നത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്. ദൈവം കൂടെയുണ്ടെങ്കിൽ പറയുന്നു. "It Lord is with me, nothing can Shake me''.

മക്കൾ പ്രതികൂലതകളിലും പ്രതിസന്ധികളിലും തളരാതെയിരിപ്പാൻ ദൈവസാന്നിധ്യം ഉണ്ടായെ മതിയാകു. ചില മാതാപിതാക്കൾ ദൈവീക കാര്യങ്ങളിൽ അധികം താൽപര്യം കാണിക്കാതിരിക്കുന്നത് കാണാം. ഒരിക്കൽ ഒരു ഞായറാഴ്ച ഞാൻ പള്ളിയിലേക്കു പോകുമ്പോൾ ബസ്റ്റോപ്പിൽ നിൽക്കുന്ന എന്റെ ഇടവകക്കാരി പെൺകുട്ടിയെ കണ്ടു. ബൈക്ക് നിർത്തി എങ്ങോട്ടാണെന്ന് അന്വേഷിച്ചപ്പോൾ Mathematics ന് Tuition രാവിലെ 7 മണിക്കാണ് അതിനു പോകുകയാണെന്നുപറഞ്ഞു. നിനക്ക് പള്ളിയിലും സൺഡേസ്കൂളിലും പോകേണ്ടേ എന്ന ചോദ്യത്തിനുത്തരം, ഈ സാറിന് ഈ സമയം മാത്രമെ ഉള്ളു എന്നാണ്. പിന്നീടുള്ള എന്റെ അന്വേഷണത്തിൽ ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല എന്നും ഇന്ന് അനേക കുട്ടികൾ എൻട്രൻസ് കോച്ചിംഗിനും റ്റ്യൂഷനുംവേണ്ടി പള്ളിയിലും സൺഡേസ്കൂളിലും പോകണ്ടാന്നു വെയ്ക്കുന്നതും മാതാപിതാക്കൾ അതിന് അനുവാദം നൽകുന്നതും മനസ്സിലാക്കി.



ഇതൊരു വലിയ അപകടത്തിലേയ്ക്കാണ് നയിക്കുന്നത്. ദൈവത്തെ അറിയാത്ത ഒരു തലമുറ ഉണ്ടായാൽ അവർക്ക് പ്രതിസന്ധികളെ തരണം ചെയ്യുവാൻ സാധിക്കാതെ വരും. പഠനം മാത്രമല്ല ജീവിതം. ജീവിക്കുവാൻ വേണ്ടിയാണ് പഠനം. പ്രാർത്ഥിച്ച് തയ്യാറെടുത്തുവേണം പഠിക്കുവാൻ. പരീക്ഷാഹാളിൽ വരുമ്പോൾ പരീക്ഷ പ്രയാസമായി തോന്നുമ്പോൾ കണ്ണടച്ചു പിടിച്ച് ദൈവമുമ്പാകെ സർവ്വവും സമർപ്പിക്കുന്ന കുട്ടികൾക്ക് ആ പ്രതികൂലത തരണം ചെയ്യുവാൻ പ്രയാസമുണ്ടാകില്ല. "എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയായവനാകുന്നു."

ഞാൻ ശുശ്രൂഷചെയ്തിരുന്ന ഒരിടവകയിൽ സാധുവായ വിധവ മറിയാമ്മ എന്നു വിളിക്കുന്ന ഒരു അമ്മയും മൂന്നു മക്കളും ജീവിച്ചിരുന്നു. പശുക്കളെ വളർത്തിയാണ് കുടുംബം കഴിഞ്ഞിരുന്നത്. മൂത്തത് മകളും ഇളയത് രണ്ട് ആൺമക്കളും, അവർ പഠിക്കുവാൻ സമർത്ഥരായിരുന്നു. സ്കൂൾ വിട്ടു വന്നാൽ അമ്മയും മക്കളും കൂടി അടുത്തുള്ള പാടത്തും പറമ്പിലും പുല്ലുപറിക്കുവാൻ പോകും. സന്ധ്യവരെ അദ്ധ്വാനിച്ചാൽ പിറ്റെ ദിവസം വരെയുള്ള പശുവിന്റെ പുല്ല് ലഭിക്കും. പാൽ കറന്ന് അടുത്തുള്ള വീടുകളിലും ചായക്കടയിലും കൊടുത്തു കിട്ടുന്ന വരുമാനമാണ് ഏക ആശ്രയം. ദാരിദ്ര്യത്തിലൂടെ കടന്നുപോയപ്പോഴും മക്കൾ പഠിച്ചാലെ രക്ഷപെടൂ എന്ന ബോധ്യമുള്ള മറിയാമ്മയും കുഞ്ഞുങ്ങളുടെ പഠനത്തിനാവശ്യമായതൊക്കെ ചെയ്തു കൊടുത്തു. തന്റെ കഷ്ടപ്പാടുകളുടെ നടുവിലും ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച കുടുംബമായിരുന്നു അത്. ഞായറാഴ്ച പ്രഭാതനമസ്ക്കാരത്തിനു മുമ്പുതന്നെ ആ കുടുംബം പള്ളിയിൽ എത്തുമായിരുന്നു. സഭ കൽപ്പിക്കുന്ന നോമ്പും പ്രാർത്ഥനകളും ആ ഭവനത്തിൽ മുടങ്ങാറില്ല. മൂത്ത മകൾ പ്രീഡിഗ്രി പാസ്സായിക്കഴിഞ്ഞ് മെഡിക്കൽ കോളേജിൽ ഗവൺമെന്റ് ഫീസിൽ നേഴ്സിങ്ങിന് അഡ്മിഷൻ ലഭിച്ചു. അമ്മയുടെയും ആൺമക്കളുടെയും ജോലി വർദ്ധിച്ചു. എങ്കിലും ദൈവാശ്രയത്തിന് ഒരു കുറവും ഭവിച്ചില്ല. രണ്ടു വയസ്സിന്റെ വ്യത്യാസമുള്ള ആൺമക്കളും ചേച്ചിയെപ്പോലെതന്നെ നന്നായി പഠിച്ചു. മകളുടെ നേഴ്സിംഗ് പഠനം അവസാനിച്ചപ്പോഴേക്കും ആൺമക്കൾ രണ്ടുപേരും ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പഠനത്തിനു ചേർന്നു. ഈ അവസരത്തിൽ മറിയാമ്മയുടെ കഷ്ടപ്പാടുകൾ വർദ്ധിച്ചതിനാൽ പശുക്കളുടെ എണ്ണം കുറയ്ക്കുവാൻ ഞാൻ പറയുകയുണ്ടായി. ഇടവകയിലെ ഉദാരമതികളായ നല്ല ആളുകൾ മക്കളുടെ പഠനത്തിന് സഹായിക്കാമെന്നേറ്റു. അല്ല; ദൈവം അവരെ ഒരുക്കി, ഈ കുടുംബത്തെ സഹായിക്കുവാൻ. താമസിക്കാതെ തന്നെ മകൾ വിദേശത്ത് പോകുകയും കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തു. ഞാൻ ആ ഇടവകയിൽനിന്നും പോകുന്നതിനു മുമ്പു തന്നെ രണ്ടുപേരുടെയും എഞ്ചിനീയറിംഗ് പഠനം കഴിഞ്ഞു. മൂത്തയാൾക്ക് ജോലിയും ലഭിച്ചു.

എന്നാൽ പള്ളിയിൽ പോകുവാനും ദൈവത്തിൽ ആശ്രയിക്കുവാനും പഠിപ്പിച്ച അമ്മയുടെ പാത പിൻതുടർന്ന മൂന്നു മക്കളും ഇന്നും ദൈവാശ്രയത്തിൽ ജീവിക്കുന്നു. ആൺമക്കൾ രണ്ടുപേരും മദ്ബഹായിൽ ശുശ്രൂഷിക്കുന്നവരും മകൾ സൺഡേസ്കൂൾ അദ്ധ്യാപികയുമായിരുന്നു. ഞാൻ ആ ഇടവകയിൽ നിന്നും പോയതിനുശേഷമാണ് മകളുടെ വിവാഹം നടന്നത്. വരൻ അമേരിക്കയിൽ. ഞാനും ആ വിവാഹകൂദാശയിൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് സംബന്ധിച്ചിരുന്നു. ദൈവത്തിൽ ആശ്രയിക്കുന്ന മാതാപിതാക്കളുടെ മക്കൾ ദൈവത്തെ വിട്ടു ജീവിക്കില്ല. മാതാപിതാക്കൾ ദൈവവിശ്വാസികളായെ മതിയാകു.

അപ്പോക്രൈഫൽ (Appocryphal) ഗ്രന്ഥങ്ങളിൽ മർത്തശ്മൂനി അമ്മയുടെയും ഏഴു മക്കളുടെയും കഥ മക്കാബിയരുടെ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. അന്തിയോക്കസ് എപ്പിഫാനസ് എന്ന ഗ്രീക്കു ചക്രവർത്തി യഹൂദ്യ ഭരിച്ചപ്പോൾ യഹൂദരെ പീഡിപ്പിക്കുന്നതിൽ അത്യുൽസാഹം പ്രകടിപ്പിച്ചു. യവന ചക്രവർത്തിയുടെ പീഡനമേറ്റ് രക്തസാക്ഷിമരണം അനുഭവിക്കുന്നവരാണ് മർത്തശ്മൂനി അമ്മയും ഏഴു മക്കളും. വളരെ ക്രൂരമായ പീഡനമുറകൾ നടത്തിയിട്ടും വിശ്വാസത്തിൽ നിന്നും വ്യതിചലിക്കുവാൻ തയ്യാറാകാതിരുന്ന ആ അമ്മയെ കണ്ട് അമ്മയുടെ

*(ശേഷം പേജ് 26-ൽ)*

# ദുഃഖവെള്ളി ധ്യാനം

ലീലാമ്മ ഏബ്രഹാം പാലക്കുടി, കുഴിമറ്റം

നാം 40 ദിവസത്തെ നോമ്പിലൂടെയും 10 ദിവസത്തെ കഷ്ടാനുഭവത്തിലൂടെയും യാത്ര ചെയ്ത് കാൽവറിവരെ എത്തിയിരിക്കുന്നു. അങ്ങനെ 50 ദിവസത്തെ നോമ്പിലൂടെ നാം ഒരു വർഷം കൂടി പിന്നിട്ടിരിക്കുന്നു. നാം പുറകോട്ട് ഒന്നു തിരിഞ്ഞു നോക്കുക. ഈ വർഷം നാം എന്തു നേടി. ജീവിതത്തിൽ നമുക്ക് എന്ത് മാറ്റം വന്നു. ഭക്ഷണം വെടിഞ്ഞതല്ലാതെ നമുക്ക് കാര്യമായി എന്തെങ്കിലും പുരോഗതി വന്നിട്ടുണ്ടോ എന്ന് ഒന്നു ചിന്തിക്കണം.

ഈ വെള്ളിയിൽ നമ്മുടെ കർത്താവ് കുരിശിൽ മരിച്ചതുകൊണ്ട് ക്രിസ്ത്യാനികളായ നാം ദുഃഖവെള്ളി എന്നു വിളിക്കുന്നു. എന്നാൽ ക്രിസ്തു നമുക്ക് കുരിശിലൂടെ രക്ഷയല്ലേ നേടി തന്നത്. അതുകൊണ്ട് നമുക്ക് നല്ലവെള്ളി അഥവാ Good Friday എന്നു വിളിയ്ക്കാം.

**ഈ കുരിശു നമുക്കു നേടി തന്ന രക്ഷയെക്കുറിച്ച് ഒന്നു ധ്യാനിക്കാം**

1. മരണത്തിന്റേയും അപമാനത്തിന്റെയും അടയാളമായിരുന്ന കുരിശ് ജീവന്റെയും വിജയത്തിന്റെയും ചിഹ്നമായി മാറി. ക്രിസ്തുവിന്റെ ക്രൂശുമരണം ഒരു അന്ത്യമായിരുന്നില്ല പ്രത്യുത ആരംഭമായിരുന്നു. മനുഷ്യകുലത്തിന്റെ രക്ഷയുടെ ആരംഭവുമായിരുന്നു. ഏദനിലെ ജീവവൃക്ഷത്തെ കുരിശിന്റെ പ്രതീകമായി കാണാൻ സാധിക്കുന്നു.



2. ഒരു വൃക്ഷം മൂലം ആദിമാതാപിതാക്കളെ ഏദനിൽ നിന്നും പുറത്താക്കി എങ്കിൽ സ്ലീബാമരം പറുദീസയിലേയ്ക്ക് അവരെ തിരികെ പ്രവേശിപ്പിച്ചു.

3. ആദ്യപാപം മൂലം മഹത്വത്തിന്റെ അങ്കി ഉരിയപ്പെട്ടു എങ്കിൽ സ്ലീബാ മൂലം വെള്ളനിലയങ്കിയായ നാശമില്ലാത്ത വസ്ത്രം മനുഷ്യനു ലഭിച്ചു. മണവാളന്റെ വിരുന്നിലേക്കുള്ള ക്ഷണവും നമുക്കു ലഭിച്ചു. ജാഗരണം, നോമ്പ്, പ്രാർത്ഥന, സ്നേഹം, സമാധാനം മുതലായ വസ്ത്രങ്ങളെ ധരിച്ചുകൊണ്ട് മണവാളന്റെ വിരുന്നിൽ സംബന്ധിച്ച് അവനോടുകൂടെ സന്തോഷിക്കാൻ നമുക്കും ഇടയാകട്ടെ.

4. ആദിയിലെ മരം മൂലം ആത്മീയ മരണം സംഭവിച്ചു എങ്കിൽ ക്രൂശുമരം നമുക്ക് ജീവനെ പ്രദാനം ചെയ്തു. നന്മ തിന്മകളുടെ ഫലം പറിച്ച് തിന്ന് പാപം ചെയ്തവർ ജീവവൃക്ഷത്തിന്റെ ഫലം കൂടി പറിച്ച് തിന്ന് എന്നന്നേക്കുമായി പാപത്തിൽ ജീവിക്കാതിരിക്കാൻ ദൈവം കെരുബുകളെ കാവൽ നിർത്തി അവരെ സംരക്ഷിച്ചു.

തന്നെ ആരാധിപ്പാനും തോട്ടം കാക്കാനും സൃഷ്ടിച്ച മനുഷ്യൻ സാത്താന്റെ വാക്കുകേട്ട് പാപം ചെയ്ത് ദൈവകല്പന ലംഘിച്ചു. ഇതിന്റെ ഫലമായി മാനവകുലം മുഴുവൻ പാപത്തിൽ വീണു പോയി. ഈ മാനവകുലത്തെ എങ്ങനെ രക്ഷിക്കാൻ കഴിയുമെന്ന് പിതാവായ ദൈവവും, പുത്രനും, പരിശുദ്ധ റൂഹായും സ്വർഗ്ഗത്തിൽ ഒരു സുന്നഹദോസുകൂടി ആലോചിച്ചു. ഒടുവിൽ തന്റെ ഏകജാതനെ ഭൂമിയിലേയ്ക്ക് അയച്ചാൽ മാത്രമെ ഇതിന് പരിഹാരം ലഭിക്കയുള്ളൂ എന്ന് പിതാവാം ദൈവത്തിന് മനസ്സിലായി. അങ്ങനെ പിതാവാം ദൈവം തന്റെ ഏകജാതനായ പുത്രനെ ഭൂമിയിലേയ്ക്ക് അയച്ചു എന്ന് യോഹന്നാൻ 3:16 ൽ കാണുന്നുണ്ടല്ലോ. പിതാവാം ദൈവത്തിന്റെ നമ്മോടുള്ള സ്നേഹമാണ് ഇവിടെ പ്രകടമാകുന്നത്.

താൻ സ്നേഹിച്ച മനുഷ്യൻ തന്റെ പുത്രന് സമ്മാനിച്ചത് സ്നേഹത്തിനു പകരം ആക്ഷേപവും, പരിഹാസവും, അടികളും, പീഡകളും, മുൾക്കിരീടവും, ക്രൂശും ആയിരുന്നു. പുത്രന് കുരിശ് ഉണ്ടാക്കികൊടുത്തത് പിതാവിന്റെ ഇഷ്ടവും ആഗ്രഹപ്രകാരവുമായിരുന്നു. പിന്നെ അതു നിഷേധിക്കുവാൻ ആർക്കാണ് കഴിയുക. മത്തായി 7:21 ൽ യേശു ഇപ്രകാരം പറയുന്നുണ്ടല്ലോ. എന്നോട് കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് എന്നാണല്ലോ. യേശുവിന്റെ ഗത്സമനിലെ പ്രാർത്ഥന ഇപ്രകാരമാണല്ലോ. പിതാവേ, നിനക്ക് മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്ന് നീങ്ങേണമെ എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ എന്നു പ്രാർത്ഥിച്ചു. അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്നൊരു ദൂതൻ അവനു പ്രത്യക്ഷനായി. പിന്നെ അവൻ പ്രാണവേദനയിലായി. പിതാവ് ദൂതനെ അയച്ചു ശക്തിപ്പെടുത്തിയതുകൊണ്ട് തിരുമനസ്സോടെ പാനപാത്രം കുടിയ്ക്കാനും സാധിച്ചു.

യാതൊരു പാപവും ചെയ്യാതിരുന്ന നമ്മുടെ കർത്താവ് 2 കള്ളന്മാരുടെ മദ്ധ്യേ ക്രൂശിൽ കിടക്കണമെന്നുള്ള യെശയ്യാ പ്രവചനം ഇവിടെ നിറവേറുകയായിരുന്നു. യേശുവിന്റെ കാൽവറിക്രൂശ് ആദ്യത്തെ ബലിപീഠമായിരുന്നുവല്ലോ.

ഈ ബലിപീഠമാകുന്ന കുരിശു മാറ്റി സഭയ്ക്ക് ഒരു ആരാധനയില്ല. അതുകൊണ്ടാണ് ത്രോണോസിൽ ഏറ്റവും ഉയർന്ന സ്ഥാനത്ത് ക്രൂശ് സ്ഥാപിക്കുന്നത്. ഈ ക്രൂശിലേക്കു നോക്കി നമുക്ക് ഒന്നു ധ്യാനിക്കാം. പിതാവേ ഞാൻ എന്റെ ആത്മാവിനെ നിന്റെ തൃക്കരത്തിൽ ഏല്പിക്കുന്നു എന്നു നിലവിളിച്ച് പ്രാണനെ വിട്ടു. അങ്ങനെ എല്ലാം പിതാവിന്റെ ഇഷ്ടത്തിന് വിട്ടുകൊടുത്തു. പിതാവിന്റെ പദ്ധതികൾ എല്ലാം ഇവിടെ പൂർത്തിയാക്കുന്നു. പടയാളികളിൽ ഒരുവൻ കുന്തംകൊണ്ട് അവന്റെ വിലാപുറത്തു കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു. ഈ രക്തം ഭൂമിയിൽ വീണ് ഇറ്റിറ്റ് ആദാമിന്റെ തലയോട്ടിയിലേയ്ക്കാണ് പതിച്ചത്. അങ്ങനെ ജീവൻ പ്രാപിച്ച് ആദാം എഴുന്നേറ്റ് നിന്നു. യേശു ആദാമിനെ ചേർത്തു പിടിച്ചു. കൃംതായിലെ സന്ധ്യാപ്രാർത്ഥനയിൽ ഇപ്രകാരം നാം പാടുന്നുണ്ടല്ലോ

"നാഥൻ - മൃതരിടയിലുറപ്പി-ച്ചാദത്തെ

ഖേദിക്കേണ്ട നിൻ പാപ-ത്തേയോർ-ത്തിനിയും നീ

നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ

ഏദൻ കനി നീ തിന്നതിനാൽ കൈപ്പു-കുടിച്ചേ ഞാൻ

നഗ്നതയാൽ - നീ ഇലകൾ ചാർത്തി

നഗ്നതയോ-ടെന്നയവർ തൂകി

ഞാൻ ചിന്തിയ രക്തത്താൽ പോയ്- കോപം താതന്റെ"

യേശു ഈ വേദനകളെല്ലാം സഹിച്ചത് പാപികളായ നമ്മെ ഓർത്തുള്ള വേദനയാൽ ആയിരുന്നു എന്ന് നാം ഓർക്കണം. അതുകൊണ്ടാണ് വേദന അറിയാതെ മരിക്കാൻ കൊടുത്ത ചെറുക്ക യേശു കുടിക്കാഞ്ഞത്. യേശു വേദന അറിഞ്ഞു മരിക്കണമെന്നുള്ളത് പിതാവിന്റെ പദ്ധതി ആയിരുന്നു. അതുകൊണ്ട് ഇനിയും നാം പാപം ചെയ്ത് കർത്താവിനെ വേദനിപ്പിക്കയില്ല എന്ന് തീരുമാനമെടുക്കുകയും നമ്മുടെ പാപങ്ങളെ ഓർത്ത് കരയുകയും ചെയ്താൽ നമ്മെ പ്രതി കരഞ്ഞ കർത്താവിന് അത് അല്പം ആശ്വാസം ലഭിക്കാൻ ഇടയാകും. അങ്ങനെ ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിലും മരണത്തിലും പങ്കു ചേർന്നുകൊണ്ട് ഉയിർപ്പിന്റെ ആ വലിയ സന്തോഷത്തിൽ എത്തിച്ചേരാൻ നമുക്കും ഇടയാകട്ടെ. ●

## മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

*(പേജ് 24 തുടർച്ച)*

വിശ്വാസത്തിൽ അചഞ്ചലമായി നിന്നുകൊണ്ട് മരണത്തെ കൈനീട്ടി സ്വീകരിച്ചവരാണ് ഏഴു മക്കളും.

ഇപ്രകാരം മാതാപിതാക്കൾ മാതൃകയാകുമ്പോൾ മക്കൾ ദൈവത്തെ അറിഞ്ഞു ജീവിക്കും. ചില മാതാപിതാക്കൾ ഭൗതിക വിഷയങ്ങളിൽ അതീവ താൽപര്യം പ്രകടിപ്പിക്കും ആത്മീക കാര്യങ്ങളിൽ അത്രയ്ക്ക് ഔൽസുക്യം പ്രകടിപ്പിക്കാറില്ല. അങ്ങനെയുള്ളവരുടെ മക്കൾ പ്രായമായി കഴിയുമ്പോൾ പള്ളിയോടും സഭയോടും അത്ര മമത കാണിക്കാറില്ല. സമയമുണ്ടെങ്കിൽ മാത്രമെ പള്ളിയിൽ വരികയുള്ളു. ഭൗതികമായ മറ്റെന്തെങ്കിലും കാര്യങ്ങൾ വി. കുർബ്ബാന സമയത്തുണ്ടായാൽ പള്ളിയിൽ പോകാതെ ആ പറഞ്ഞ വിഷയത്തിനുപോകും. കാരണം മാതാപിതാക്കൾ അങ്ങനെയൊരു പാഠമാണല്ലോ നൽകിയിരിക്കുന്നത്. പള്ളിയിൽ പോയില്ലെങ്കിലും സൺഡേസ്കൂളിൽ കയറിയില്ലെങ്കിലും സാരമില്ല നന്നായി പഠിച്ചാൽ മതി. എങ്കിലെ രക്ഷപെടൂ എന്ന തെറ്റിദ്ധാരണ മക്കളുടെ ഹൃദയത്തിൽ കൊടുത്തിരിക്കയാണ്.

വിദേശയിടവകകളിൽ ശുശ്രൂഷിക്കുന്ന കാലയളവിൽ ഇങ്ങനെയുള്ള ചിലരെ പരിചയപ്പെടാൻ ഇടയായിട്ടുണ്ട്. ക്നാനായ ഇടവകയിൽ പോകാൻ അവസരമുണ്ടായിട്ടും അവിടെ മെമ്പർഷിപ്പ് എടുക്കാതെ അടുത്തുള്ള ഇംഗ്ളീഷ് പള്ളിയിൽപോയ ഒരു കുടുംബത്തെ അന്വേഷിച്ച് ചെന്നപ്പോൾ അവരുടെ പ്രതികരണം കേട്ടപ്പോൾ എനിക്കു മനസ്സിലായി അവരുടെ മാതാപിതാക്കൾ അവർക്കു നൽകിയ പാഠം എന്തായിരുന്നുവെന്ന് എന്നാൽ അതിൽ നിന്നും വ്യത്യസ്ഥരായ ആളുകളെയും ഞാൻ പരിചയപ്പെട്ടിട്ടുണ്ട്.

സ്റ്റുഡന്റ് വിസായിൽ വന്ന ഒരു യുവാവ് തനിക്ക് ആദ്യമായി ഒരു ജോലി ലഭിച്ചതിന്റെ രണ്ടാമത്തെ ആഴ്ചയിൽ ജോലിക്കു പോകാതെ പള്ളിയിൽ വന്നു. അതിശയത്തോടെ കാരണം അന്വേഷിച്ചപ്പോൾ അവൻ പറയുകയാണ്.

"അച്ചോ ഈ ജോലി weekend- ൽ മാത്രമാണുള്ളത്. അച്ചൻ മാസത്തിലൊരു ശനിയാഴ്ച മാത്രമെ ഇവിടെ വി. കുർബ്ബാനക്ക് വരുന്നുള്ളു. ഈ ജോലി പോയാൽ വേറെ ജോലി കിട്ടും. വി. കുർബ്ബാന കിട്ടുകയില്ലല്ലോ." ഈയൊരു മനോഭാവം എന്നെ അതിശയിപ്പിച്ചു. ദൈവകൃപയാൽ ഞാൻ അവിടെയുണ്ടായിരുന്ന രണ്ടു വർഷവും അവന് ജോലിയുണ്ടായിരുന്നു. എന്നാൽ എത്രയോപേർ ജോലിക്ക് വിഷമിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട് "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പീൻ അതോടെ നിങ്ങൾക്ക് എല്ലാം ലഭിക്കും".

●


## ക്നാനായദീപം പരസ്യനിരക്ക്

| | |
|---|---|
| ഒരുവർഷം | Rs. 150/- |
| പത്തുവർഷം | Rs. 1500/ |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | Rs. 3000/ |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | Rs. 350/ |
| പേര് മാത്രം | Rs. 200/ |
| മാട്രിമോണിയൽ | Rs. 600/ |
| **ബ്ലായ്ക്ക് & വൈറ്റ്** | |
| ചരമം (ചെറിയ കോളം) | Rs. 850/ |
| കാൽപേജ് | Rs. 1700/ |
| അരപേജ് | Rs. 3500/ |
| ഫുൾപേജ് | Rs. 5000/ |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | Rs. 4000/ |
| അരപേജ് | Rs. 6500/ |
| ഫുൾപേജ് | Rs. 10000/ |
| കവർ ഇൻസൈഡ് | Rs. 12500/ |
| ബായ്ക്ക് കവർ | Rs. 15000/ |

**മാനേജിംഗ് എഡിറ്റർ**




# അനായാസം പഠിക്കുവാനുള്ള എളുപ്പവഴി

കുര്യൻ ജോസഫ് മുട്ടത്തുകടവിൽ

## Part 7

**USE OF CAN** Can 2 sense - ൽ ഉപയോഗിക്കുന്നു. കഴിയുന്നതാണ് എന്നർത്ഥം

1. To express present ability.
He can pass the exam easily as he is a bright student.
He can run long distance because he has very good stamina.
2. To give or take permission.
Can I talk to Joe? Yes you can.
Can I sit with you? No you cannot.

**USE OF CAN BE**

Can - ന്റെ passive ആയി ഉപയോഗിക്കുന്നു.
മറ്റൊരാളാൽ ഒരു ജോലി ചെയ്യപ്പെടാവുന്നതാണ്
This problem can be solved by him
This song can be sung by you

**USE OF CAN HAVE**

കൈവശം ഉണ്ടാകാവുന്നതാണ്
You can have a good job next year
He can have his own house soon

**USE OF COULD** (1) Possibility

(1) Could can ന്റെ past form ആണെങ്കിലും possibility express ചെയ്യുവാൻ could എല്ലാ tense ലും ഉപയോഗിക്കുന്നു. കഴിയുന്നതാണ് (Pr) കഴിഞ്ഞിരുന്നു (Past) കഴിയുമായിരിക്കും (future).
eg: It could rain today. പെയ്യുവാൻ സാദ്ധ്യതയുണ്ട്(Pr.) It could rain yesterday.ഇന്നലെ പെയ്തിട്ടുണ്ടാവും (Past.) It could rain tomorrow.നാളെ പെയ്തേക്കും (Future)
Your father could call you any time
He could meet you in the evening.

(2) Past abilily - കഴിയുമായിരുന്നു. കഴിഞ്ഞിരുന്നു
He could win the match because he had very good players.
I could speak Hindi fluently when I was in north India.

**(3) കഴിഞ്ഞു, കഴിഞ്ഞില്ല എന്ന അർത്ഥത്തിൽ**
We could solve the problem somehow.
I could not sent him to Canada.

**(4) To give of take permission**
Could I talk to the manager Yes you could.
Could I meet you tomorrow.

(5) Polite request - Could you please close the door as you go out.
Could you lend me some money

**Use of could be.** 3 sense ൽ ഉപയോഗിക്കുന്നു.
(1) കഴിഞ്ഞിരുന്നു, കഴിഞ്ഞിരുന്നില്ല
The issue could be resolved some how.
He could not be given the information.
The child could not be saved from drowning.
(2) To express possibility. ആയിരുന്നിരിക്കാം.

This mobile could be broken.
He could be the one who wrote this novel
The cost of sending man to space could be 100 thousand crores.
He could be hidden
(3) Could ന്റെ passive രൂപത്തിൽ - ചെയ്യപ്പെട്ടേക്കാം.
We could be punished
He could be dismissed from the job.
We could be encoureged by our teachers.

## Hypothetical situation

Could have കഴിയുമായിരുന്നു. പക്ഷേ ചെയ്തില്ല
I could have completed my graduation but I didn't do it.
He could have helped his brother he didn't do its.
She could have joined the party
He could have done it.

**Could have** - കൈവശം ഉണ്ടാകാമായിരുന്നു.
He could have a car
He could have an apple mobile with him

**Could have to** - ചെയ്യുവാൻ സാധിക്കുന്നതാണ്. കഴിയുന്നതാണ്.
You could have to go to school.

**Could have had** - കൈവശം ഉണ്ടാകേണ്ടതായിരുന്നു.
I could have had my car.

**Could have had** - കഴിക്കേണ്ടതായിരുന്നു.
I could have had my lunch before I left for the moover.

**Could have** had - കുടിക്കേണ്ടതായിരുന്നു.
She could have had her morning coffee.

**Could have been** - ചെയ്യപ്പെടാമായിരുന്നു.
He could have been arrested
She could have been kidnapped
Tips - Could be / Could have been } രണ്ടും ഒരേ sense ൽ ഉപയോഗിക്കാം
He could be at home or He could have been at home
I could be sent or I could have been sent

**Use of Must** - തീർച്ചയായും ചെയ്യേണ്ടതാണ്. 4 sense ൽ ഉപയോഗിക്കുന്നു.
Must ന്റെ അർത്ഥം have to എന്നാണ്.
Must ന്റെ past form Had to എന്നാണ്.

**(1) Personal openion/ obligation**
You must consult a doctor: തീർച്ചയായും ചെയ്യേണ്ടതാണ്.

As you are weak you must take green leafy vegetables.
**(2) Prohibition** You must not write on the wall
You must not cross boundary
You must not dis obey your parents.

**(3) Mandatary/compalsary**
You must do yoga everyday
You must take the medicine as per the prescription of the doctor.
As you are aged you must hire a driver to go out.

**(4) Strong recom.**
You must give admition on to this boy in your school.

**Must be** 3 sense ൽ ഉപയോഗിക്കുന്നു.
Should be ഉണ്ടായിരിക്കണം, Must be തീർച്ചയായും ഉണ്ടായിരിക്കണം.
(1) You must be in school.തീർച്ചയായും ഉണ്ടായിരിക്കണം.
(2) You must be in school.തീർച്ചയായും ഉണ്ടായിരിക്കും.
(3) തീർച്ചയായും ചെയ്യുന്നുണ്ടാകും.
She must be meeting him every day.
He must be going to office these days.

**Must have** 3 sense ൽ ഉപയോഗിക്കുന്നു.
(1) തീർച്ചയായും കൈവശം ഉണ്ടായിരിക്കേണ്ടതാണ്.
You must have atleast two pens
You are going for the exam.
(2)തീർച്ചയായും ഉണ്ടായിരിക്കും He must have a car.
(3)തീർച്ചയായും ചെയ്യേണ്ടതായിരുന്നു.ചെയ്യേണ്ടതുതന്നെ ആയിരുന്നു.
You must have done it. / You must have met your father } 3rd form of verb

**USE OF SHOULD** Should കടമയെ സൂചിപ്പിക്കുന്നു. ചെയ്യണം, ചെയ്യേണ്ടതാണ്.
I should go.
We should do it.
You should come to my home.
Recommendation - You should visit Golden temple when you go to Amritsar.

**Advice or Openion**
You should consult a doctor.
You should obay your parents.
As you are weak you should eat more green leafy vegitables.

**Duty or Obligation** - കടമ
We should empower our nation.
We should help the poor
You should look after your aged parents.

**Expatation -** He should be in Mumbai right now
She should reach hear on time

**Use of should be** - ഉണ്ടായിരിക്കേണ്ടതാണ്.
(1) He should be at home rightnow
Kiran and Vasan should be in the school

We should be in the meeting

**(2) Should** ന്റെ **Passive** ആയി ഉപയോഗിക്കുന്നു. ചെയ്യ പ്പെടേണ്ടതായിരുന്നു.
He should be sent to join immediatly
We should be told about it.
He should be punished

**Use of should have** - ചെയ്യേണ്ടതായിരുന്നു. (Past)
You should have visited Vagaborder
He should have met me that day
They should have asked me as well

**Should have** - കൈവശം ഉണ്ടായിരിക്കണം
We should have enough money before we leave we for the tour
I should have a mobile

**Should have been** - ഉണ്ടായിരിക്കേണ്ടതായിരുന്നു
You should have been with your brother in such a tragic moments.
He Should have been hear when I needed him.

**Should have been** - ചെയ്യപ്പെടേണ്ടതായിരുന്നു
This mobile should have been sent for repairing.
He should have been sent to U.S.A.
She should have been given a mobile.

**Use of Should have to** - ചെയ്യേണ്ടതുതന്നെയാണ്
You should have to go there
I should have to teach my brother else he might fail the exam.

**Should have had** - കൈവശം ഉണ്ടാകേണ്ടതായിരുന്നു
He should have had a car with him.
We should have had lot of money to buy such an expensive villa.

**Should have had to** - ചെയ്യേണ്ടതുതന്നെയായിരുന്നു
I should have had to teach him, see he faild.

**Should have to have** - കൈവശം ഉണ്ടായിരിക്കണം
If you want to work in a call centre, you should have to have good communication skill in English.

**USE OF OUGHT TO** ought to ന്റെ അർത്ഥം should എന്നാണ്. 4 sense ൽ ഉപയോഗിക്കുന്നു.
(1) Obligation/Duty
You ought to talk to her politely.
You ought to listen carefully.
(2) Likely to happen. സംഭവിക്കാവുന്നതാണ്
She ought to be hear any time.
(3) Ought to have - Regreat or Repent
I ought have helped my parents as they are aged.
Question : Ought I to go to the market
You ought not to be free and frank.
You ought not to listen everything.

## വന്ദ്യ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുടെ 363-ാം ചരമവാർഷികം



എ.ഡി. 345 ൽ വി. ക്നായിത്തോമ്മായുടേയും ഉറഹാ മോർ ഔസേപ്പ് മെത്രാപ്പോലീത്തായുടേയും നേതൃത്വത്തിൽ 400 ൽ പരം ക്നാനായക്കാർ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയപ്പോൾ ചേരമാൻ പെരുമാൾ രാജാവ് വി. ക്നായിത്തോമ്മായ്ക്ക് ചെപ്പേട് നൽകുന്ന ശില്പസ്മാരകവും, 1653 ൽ ജനുവരി 3 ന് മട്ടാഞ്ചേരിയിൽ വന്ദ്യ ഇട്ടിത്തൊമ്മൻ കത്തനാരുടെ നേതൃത്വത്തിൽ നടന്ന കൂനൻകുരിശ് സത്യത്തിന്റെ സ്മാരകവും മലങ്കരയിൽ ആദ്യമായി കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളിയുടെ അങ്കണത്തിൽ നിർമ്മിക്കുവാൻ ദൈവകൃപയാൽ സാധിച്ചു. വന്ദ്യ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുടെ 363-ാം ചരമവാർഷികം 2022 മെയ് മാസം 10-ാം തീയതി കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളിയിൽ ആചരിക്കുന്നു.




വനരാജാവായ സിംഹവും ഒരു കുറുക്കനും കൂടി നായാട്ടിനിറങ്ങി. അവർ ഒരു കഴുതയെക്കാണാനിടയായി. കുറുക്കന്റെ ഉപദേശപ്രകാരം സിംഹം കഴുതയ്ക്ക് ഒരു സന്ദേശം കൊടുത്തയച്ചു. കഴുതയുടെ കൂട്ടരുമായി ഒരു സഖ്യം ഉണ്ടാക്കാൻ സിംഹം ആഗ്രഹിക്കുന്നു എന്നതായിരുന്നു സന്ദേശം. രാജകീയ സഖ്യം എന്നു കേട്ട് സന്തോഷം കൊണ്ട് മതിമറന്നു കഴുത അഭിമുഖത്തിനെത്തി. സിംഹമാകട്ടെ കഴുതയുടെമേൽ ചാടിവീണു അതിന്റെ കഥ കഴിച്ചു. എന്നിട്ട് കുറുക്കനോടായി കല്പിച്ചു.

"ഞാൻ ഒന്നുപോയി മയങ്ങിയിട്ടു വരാം. നീ ഈ ഭക്ഷണം കാത്തുകൊള്ളണം. ഒരു കഷണംപോലും തൊട്ടേയ്ക്കരുത്. നിന്റെ കഥയും ഞാൻ കഴിക്കും. സിംഹം വിശ്രമിക്കാൻ പോയി. സിംഹത്തിന്റെ വരവും കാത്തിരുന്ന കുറുക്കൻ കുറെ കഴിഞ്ഞ് ക്ഷമ നശിച്ച് കഴുതയുടെ തലച്ചോറ് അപ്പാടെ ശാപ്പിട്ടു. സിംഹം തിരിച്ചെത്തിയപ്പോൾ അലറി. "എവിടെ ഇവന്റെ തലച്ചോർ?" കുറുക്കൻ ഉടൻ തന്നെ മറുപടി നൽകി. "മഹാരാജൻ, കഴുതയ്ക്ക് തലച്ചോറ് ഉണ്ടായിരുന്നെങ്കിൽ അങ്ങ് ഒരുക്കിയ കെണിയിൽ അവൻ വീഴുമായിരുന്നോ?"

*ഗുണപാഠം: ബുദ്ധിപരമായ വാക്കുകൾ എതിർക്കുന്നതിനേക്കാൾ നല്ലതാണ്.*

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. ഗാഢനിദ്രയ്ക്ക് വിധേയനായ ആദ്യ വ്യക്തി ആര്?
2. എല്ലാ കാട്ടുജന്തുക്കളെക്കാളും കൗശലമേറിയതെന്ത്?
3.നോഹ പെട്ടകം നിർമ്മിക്കാനുപയോഗിച്ച തടി ഏത്?
4. കഠിനവേലകളാൽ പീഡിപ്പിക്കപ്പെട്ടവർ ആര്?
5. മോശയുടെ ഭാര്യയുടെ പേരെന്ത്?
6 കമ്പിളി പുതപ്പിച്ചിട്ടും കുളിർ മാറാതിരുന്ന വൃദ്ധൻ ആര്?
7. ഏദോമിലെ ആദ്യത്തെ രാജാവാര്?
8. ദാവീദിന്റെ പ്രഥമ സ്വർണ്ണഗീതം ഏത്?
9. മാനത്തിന്റെ മുന്നോടി എന്ത്?
10. യെരുശലേമിനു നേരെ മുഖം തിരിച്ചു വിശുദ്ധ മന്ദിരത്തിനു വിരോധമായി പ്രസംഗിക്കുവാൻ അരുളപ്പാടു ലഭിച്ച കാനോനിക പ്രവാചകനാര്?

**മാർച്ച് മാസത്തിലെ ഉത്തരങ്ങൾ**

1. ദൈവത്തിന്റെ ആത്മാവ് (ഉല്പ. 1:2)
2. വെളിച്ചം (ഉല്പ. 1:4)
3. ഭൂമി (ഉല്പ. 1:10)
4. സമുദ്രം (ഉല്പ. 1:10)
5. 4-ാം ദിവസം (ഉല്പ. 1:16)
6. 3-ാം ദിവസം
7. വലിപ്പം കുറഞ്ഞ വെളിച്ചം (ഉല്പ. 1:16-13)
8. വലിപ്പം ഏറിയ വെളിച്ചം
9. 5-ാം ദിവസം (ഉല്പ. 1:20-23)
10. 6-ാം ദിവസം (ഉല്പ. 24:27)


## ചിങ്ങവനത്ത് സ്ഥലവും വീടും വില്പനയ്ക്ക്

27 സെന്റ്, 4 ബെഡ്റും, 4 attached bathroom, living room, dinig room, 1wash room, balcony, sitout, top fargola, rooftop, 2 kitchen, workarea, car porch, extra 2 shed ഒരിക്കലും വെള്ളം വറ്റാത്ത കിണർ, 3 gate

**Contact- 9495796536**

## വസ്തു വില്പനയ്ക്ക്

M.C. റോഡിന്റെയും ചിങ്ങവനം പുത്തൻപള്ളിയുടെയും സമീപത്ത് 15 സെന്റ് സ്ഥലം വില്പനയ്ക്ക്

**Contact** . റെജി തെക്കേമഠത്തിൽ, ചിങ്ങവനം

**8089103735**

Fr. Dr. K.P. Jacob മണ്ണുംപുറത്ത്,

**9656671361**





PROJECT BY

KNANAYA WEDDINGS.COM

# ക്നാനായ വെഡ്ഡിംഗ്സ്

ക്നാനായ സമുദായത്തിന്റെ സ്വന്തം മാട്രിമോണി

www.knanayaweddings.com

എറണാകുളം
+91 70254 22022

ചിങ്ങവനം
+91 94461 46000

knanayaweddings@gmail.com





Advt - O

## 60th Wedding Anniversary

28 – 04 – 2022



Advt - R

**V.K. Cherian & Ramany Cherian**

(Rtd. Headmaster,
M.S. High School, Ranny)

**Varathra (H), Neelamperoor**

Prayers and wishes from:
Loving Children, Grand Children & Great Grand Children

## 40 – ാം ചരമദിനം

10 – 04 – 2022



Advt - S

**Binoy Pothen**

**Powara House, Vallamkulam, Thiruvalla**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*



## 9th Death Anniversary

**26- 03- 2022**

# C. M. Kurian

Chaluparambil

Texas, USA

Advt -O

By Sorrowing family

## 5 – ാം ചരമവാർഷികം

15–04–2022



# ചിന്നമ്മ കുരുവിള

കല്ലുങ്കൽ, മള്ളുശ്ശേരി, കോട്ടയം

ഭർത്താവ്– കുരുവിള
മക്കൾ – റോബി, റോജി
മരുമക്കൾ – നെജി, ബിയ
കൊച്ചുമക്കൾ

Advt - S

## 6th Death Anniversary

**27-4-2022**



# Thomas Pothen

Mundukottackal Paranickal

Thiruvananthapuram (Ranni)

We shall meet on that beautiful shore

Inserted by

Kunjoonjamma Thomas (wife)
Prashant (Son)
Bindhu (Daughter) & Dr. Simpson Joseph (Son-in-law)
Grandchildren - Jeremy, Noami, Tobi, Anaiah & Aron

Advt - O



## 2nd Death Anniversary

11-04-2022

*Roman 14:8*
"If we live, we live for the Lord; and if we die, we die to the Lord. So, whether we live or die, we belong to the Lord".

# C. A. George
## (Aniyachen)

06-05-1933 - 11-04-2020

*"It is said that prayer is the best weapon.*
*We are praying for you Dad.*
*May you shine in heaven us you*
*used to do here. We miss you so much"*

Chirayil Family, Chennai

Advt -O

## 9-ാം ചരമവാർഷികം

29-04-2022



## ഉമ്മൻ മാത്യു (കുഞ്ഞൂഞ്ഞ്)

ഇരണയ്ക്കൽ പുത്തൻവീട്
പുതുശ്ശേരി, തുരുത്തിക്കാട്

*പപ്പായുടെ പവിത്രമായ ഓർമ്മകൾക്കു മുമ്പിൽ പ്രാർത്ഥനയോടെ*
*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 10th Birthday in Heaven

22-4-2022



## Melvin Mohan K

(S/o Mohan & Maymol)
കാവുങ്കൽ മെൽവിൻ വില്ല
തോലശ്ശേരി, തിരുവല്ല

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

We miss you Melvin

Beloved Family

Advt -S

## 8th Anniversary in Heaven

27-4-2022



## K. C. Thomas

(Kunjomachan)

Kallamparampil, Ranny

"You will live forever in our hearts"

By Loving Family

Management and Staff, Kallamparampil Hardwares, Ranny

Advt - S

## 16th Birthday in Heaven

26-4-2022



## Prince Thomas Chacko

Elmont, New York, U.S.A

(Ammanathu, Kattode)

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

Your Loving Family & Friends

Advt - S

## 3 – ാം ചരമവാർഷികം

18 – 04 – 2022



## മോളമ്മ രാജൻ

ഇളംപുരയിടത്തിൽ

പുല്ലുപ്രം, റാന്നി

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 1st Birthday in Heaven

20-4-2022



## Mr. A.T. IDICULA (Retd. Engr.)

ALUMMOOTTIL, KALLISSERY

18-01-1930 to 20-04-2021

By Sorrowing Family

Advt - O



# 11 – ാം ചരമവാർഷികം

19 – 04 – 2022

## സി. എ. ചാക്കോ (ഫിലിപ്പ്)

തുണ്ടിയിൽ, കുറ്റൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Advt - S

*സന്തപ്ത കുടുംബാംഗങ്ങൾ*

# 34 – ാം ചരമവാർഷികം 02 – 04 – 2022 | 32 – ാം ചരമവാർഷികം 08 – 09 – 2022



## കെ. പി. ഏബ്രഹാം | ചിന്നമ്മ ഏബ്രഹാം

കക്കുഴിയിൽ, പഴവങ്ങാടി, റാന്നി

Advt -O

സന്തപ്ത കുടുംബാംഗങ്ങൾ

# 1 -ാം ചരമവാർഷികം

28-04-2022



## കെ.എ അനിയൻ

കുറുപ്പൻപറമ്പിൽ

ഇരവിപേരൂർ , തിരുവല്ല

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

Advt - R

# 1st Death Anniversary in Heaven

**5-05-2022**



# P S Chacko (JOY)

**Puthenparampil (Varacheriyil)**
**Chingavanam**

Year after year and time after time, no one could ever take your place...
You're a dad in a million. You're dearly loved always.

Advt - O

## 3rd Birthday in Heaven

**02- 04 -2022**



**SOSAMMA KURIAKOSE**

(അമ്മിണിക്കുട്ടി)

**Thundiyil House**

**Malakunnam, Kurichy**

By Sorrowing Family

Advt - O

## 2nd DEATH ANNIVERSARY

12 - 4 - 2022



In loving memory of

DR. JACOB THOMAS(83)

(KUNJUMON)

Padinjarepurackal, Kallissery

I am the resurrection and the life. The one who believes in me will live, even though they die. JOHN 11:25

By Sorrowing family...

Advt - O



## 3 – ാം ചരമവാർഷികം

06 – 05 – 2022

# K.U. MATHEWKUTTY (Kunjumon)

Pazhayakalam Neisseril

Kurichy

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

# Second Death Anniversary

15-04-2022



## Achenkunju Kuruvilla

**Kovoor**

**Staten Island, New York**

By Sorrowing Family

Advt -O

# രണ്ടാം ചരമവാർഷികം

01-05-2022



## എം. ജെ. ഏബ്രഹാം (അമ്പി)

**മള്ളൂശ്ശേരിൽ, പഴവങ്ങാടി, റാന്നി**

"നിന്റെ മഹത്വമുദിക്കും നാൾ

നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# 40-ാം ചരമദിനം

10-04-2022



## K.P. തോമസ് (76) (തോമസ്സുകുട്ടി)

**കാരിമറ്റത്തിൽ, ചാന്നാനിക്കാട്**

*പപ്പ - ഒരിക്കലും മറക്കുവാൻ കഴിയാത്ത ഓർമ്മകളിൽ കണ്ണുനീരോടെ*

*മമ്മി, മക്കൾ, കൊച്ചുമക്കൾ*

Advt - R

# 7th DEATH ANNIVERSARY

12-04-2022



## LEELAMMA ABRAHAM (70)

**W/O Late T.A.Abrham**

Thayil House, Thottabhagam ( Ennikadu)

| Son & Family | Grand Children's |
|---|---|
| T.A. Joiy, Judy(Koorkakalayil) | Sandra, Shane |
| Vinod, Seeja (Mangatu) | Hanaah |
| **Daughter & Family** | |
| Josy, Reji (Akkarakandathil) | Jerrin, Justin |

Advt - O




**ഫാ. റ്റിജു ഏബ്രഹാം വാലുപറമ്പിൽ**

## ഉയിർപ്പ് ഞായർ
## (വി. മർക്കോ. 16:1-8) 17-04-2022

കർത്താവായ യേശുതമ്പുരാന്റെ കഷ്ടാനുഭവത്തിന്റെയും ക്രൂശ്മരണത്തിന്റെയും ശുശ്രൂഷകളിൽ പങ്കുകാരായ നാം ഉയിർപ്പ് എന്ന വലിയ പ്രത്യാശയുടെ തുറമുഖത്തിലേക്ക് അടുത്തു വന്നിരിക്കുകയാണ്. സുറിയാനി സഭയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതും, അനുഗ്രഹപൂർണ്ണവും പെരുന്നാളുകളുടെ പെരുന്നാളുമാണ് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ്. മരണത്തെ ജയിച്ചു മ്ശിഹാ ഉയിർത്തെഴുന്നേറ്റു എന്ന മഹാസന്തോഷത്തിന്റെ വാർത്തയാണല്ലോ ഉയിർപ്പ് പെരുന്നാളിന്റെ അടിസ്ഥാനം. നിരാശ നീങ്ങിപ്പോയി പ്രതീക്ഷ രാജകീയ പ്രവേശനം നടത്തുന്ന ദിനം. സത്യം ഒരുനാളും പരാജയപ്പെടുകയില്ലെന്ന് സകലർക്കും ബോധ്യമായ സുദിനം. സത്യത്തെയും ജീവനേയും കല്ലറകൾക്ക് കൈയ്യടക്കാൻ കഴിയാതെപോയ ദിവസം.

ഈ തിരുവചന ഭാഗത്ത് മഗ്ദലക്കാരി മറിയാമും യാക്കോബിന്റെ മാതാവ് മറിയാമും ശലോമിയും ക്രിസ്തുവിന്റെ കല്ലറയ്ക്കൽ വരുമ്പോൾ ഒഴിഞ്ഞു കിടക്കുന്നതായ കല്ലറയാണ് അവർക്ക് കാണുവാൻ സാധിക്കുന്നത്. വെള്ള നിലയങ്കി ധരിച്ച ഒരു ദൂതൻ ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നും ഗലീലയിലേക്ക് ചെന്ന് അവിടെ അവനെ കാണുവാൻ സാധിക്കും എന്നും അവരോട് പറയുന്നു. ഈ വേദഭാഗത്തിലൂടെ നമുക്ക് ലഭിക്കുന്ന ചിന്തകൾ.

1) പാപത്തിന്റെയും മരണത്തിന്റെയും അന്ധകാരം മാറി പ്രത്യാശയുടെ പ്രകാശം ഉളവാകുകയാണ്.

ആദിമ മനുഷ്യൻ പാപം ചെയ്ത് പാപത്തിന്റെ പടുകുഴിയിൽ വീണുപോയ മനുഷ്യരാശിയുടെ അന്ധകാര അവസ്ഥയെ മാറ്റി പ്രത്യാശയുടെ പ്രകാശം നൽകുകയാണ് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ്. ഉയിർപ്പ് ശുശ്രൂഷകളിൽ പുരോഹിതന്മാർ ദൈവാലയത്തിൽ വിളിച്ചു പറയുന്ന വിശ്വാസ പ്രമാണം "സഹോദരന്മാരെ ഒരു പുതിയ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. മ്ശിഹാ കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റ് തന്റെ ശത്രുക്കളെ പിന്നിലേക്ക് അടിച്ചോടിച്ചിരിക്കുന്നു." നാം ഓരോരുത്തരെയും നശിപ്പിക്കുന്ന മാരകമായ മരണത്തിന്റെയും പാപത്തിന്റെയും അടിമത്വത്തിൽനിന്ന് നമ്മെ ജീവൻതന്ന് സ്നേഹിച്ചു മ്ശിഹാ മരണത്തെ ജയിച്ച് ജീവിക്കുന്നു എന്ന സദ് വാർത്ത മാനവകുലത്തിന് പ്രത്യാശയുടെ പ്രകാശം പകർന്നു നൽകുകയാണ്. അന്ധകാരത്തിന്റെ അനുഭവത്തിൽ വസിക്കുവാൻ ആഗ്രഹിക്കുന്ന മനുഷ്യരാശിക്ക് പ്രകാശത്തിന്റെ പൊൻകിരണങ്ങൾ യേശുക്രിസ്തുവിന്റെ ഉയിർപ്പിലൂടെ ലഭിക്കുകയാണ്. അതുകൊണ്ടുതന്നെ ജീവൻ തന്ന് നമ്മെ രക്ഷിച്ചവനുവേണ്ടി ജീവിക്കാനുള്ള മനസ്സ് നമ്മിൽ ഉണ്ടാകണം. അപ്പോൾ പ്രത്യാശയുടെ പ്രകാശകിരണങ്ങൾ സമൂഹത്തിൽ പ്രകാശിപ്പിക്കുവാൻ നമുക്ക് സാധിക്കും.

2) ക്രിസ്തുവിന്റെ ഉയിർപ്പ് മരണത്തിന്റെ ഫലസാധ്യതയെ ഉറപ്പിക്കുന്നു?

മരണം എന്ന പ്രതിഭാസം എല്ലാറ്റിന്റെയും അവസാനമായി കരുതിയ ജനത്തിന് ക്രിസ്തുവിന്റെ ഉയിർപ്പിലൂടെ അത് നിത്യജീവന്റെ ആരംഭമായി വെളിപ്പെടുകയാണ്. 1. കൊരി. 15-ാം അദ്ധ്യായത്തിലൂടെ പൗലോസ് അപ്പോസ്തോലൻ അത് ഉറപ്പിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ഉയിർപ്പിലൂടെ എല്ലാ മരിച്ചവരും ഉയിർത്തെഴുന്നേൽക്കുന്നതിനുള്ള ഒരു സാദ്ധ്യത രൂപപ്പെടുകയാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറ രൂപപ്പെട്ടത് തന്നെ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിലൂടെയാണ്. റോമർ 6:4 ൽ ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയിൽ ജീവിച്ച് എഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ പുതിയ സൃഷ്ടിയായി മരണശേഷം മാറ്റപ്പെടുകയാണ്. അതുകൊണ്ടാണ് മരണം അവസാനമല്ല മറിച്ച് പുതുജീവന്റെ ആരംഭമാണെന്നും മരണത്തിന്റെ ഫലസാധ്യതയെ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിലൂടെ ഉറപ്പിക്കുകയും ചെയ്യുന്നത്. ക്രിസ്തുവിന്റെ ഉയിർപ്പ് നമ്മെ പുതുജീവിതത്തിലേക്ക് നയിക്കുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു. ഉയിർപ്പിന്റെ എല്ലാം ഭാവുകങ്ങളും നേരുന്നു.

## പുതു ഞായർ
## (വി. യോഹ. 20:19-31) 24-04-2022

ഉയിർത്തെഴുന്നേറ്റവനായ യേശുതമ്പുരാൻ തന്റെ ശിഷ്യന്മാർക്ക് ഒന്നാം പ്രാവശ്യം പ്രത്യക്ഷപ്പെടുന്നതിനും, അവർക്ക് സമാധാനം ആശംസിച്ച് അവരുടെ മേൽ ഊതി അവർ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതും, ഈ അവസരം ദർശിക്കുവാൻ ഭാഗ്യം ലഭിക്കാതിരുന്ന തോമാശ്ലീഹായുടെ സംശയവും, എട്ട് ദിവസങ്ങൾക്ക് ശേഷം തോമാശ്ലീഹാ ക്രിസ്തുവിനെ അനുഭവവേദ്യമാക്കിയപ്പോഴുള്ള അചഞ്ചലമായ വിശ്വാസവുമാണ് സുവിശേഷകൻ ഈ വേദഭാഗത്ത് പ്രതിപാദിച്ചിരിക്കുന്നത്. ഈ വേദഭാഗത്തിലൂടെ നമുക്ക് ലഭിക്കുന്ന ചിന്തകൾ.

1) ലോകത്തിന് സമാധാനം പ്രദാനം ചെയ്യുന്ന യേശുക്രിസ്തു ഭയന്നു വിറച്ചുനിന്ന ശിഷ്യസമൂഹത്തിന് മുമ്പിൽ പ്രത്യക്ഷപ്പെട്ട് അവർക്ക് നൽകുന്ന ഏറ്റവും വലിയ സംഗതിയാണ് സമാധാനം. ക്രിസ്തുവിന്റെ സമാധാനാശംസ ശിഷ്യന്മാരിൽ സന്തോഷത്തെ ഉളവാക്കി എന്ന് തിരുവചനത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഇവിടെ ക്രിസ്തു അവരെ ധൈര്യപ്പെടുത്തുകയാണ്. അസമാധാനത്താൽ നിറയപ്പെട്ട നവീനതലമുറ സമാധാനത്തിന്റെ ദാതാവായ ക്രിസ്തുവിന്റെ സന്നിധിയിലേക്ക് കടന്നുവരണം. ശിഷ്യന്മാർ വാതിൽ അടച്ചിരിക്കെ ഉള്ളിൽ കടന്നുവന്ന് "നിങ്ങൾക്ക് സമാധാനം" എന്ന് പ്രസ്താവിച്ചു കർത്താവ്

നമ്മുടെ ഹൃദയങ്ങളിലേക്ക് കടന്നുവരുമ്പോൾ നാം ദൈവത്തിൽ ധൈര്യശാലികളായി നമ്മുടെ ഭയവും ആകുലതകളും നീങ്ങിപ്പോകും. 'സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ' എന്നരുളിച്ചെയ്ത കർത്താവ് നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നത് നാം സമാധാന പ്രഭുവായ ക്രിസ്തുവിനെ സ്വീകരിച്ച് അന്ധകാര ശക്തികളെ കീഴടക്കി ലോകത്തിന് സമാധാനം വിതറുന്ന വ്യക്തികളായി നാം രൂപാന്തരപ്പെടുമെന്നതാണ്.

2) തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം

യേശു തമ്പുരാൻ തന്റെ ശിഷ്യന്മാർക്ക് ആദ്യം പ്രത്യക്ഷപ്പെട്ട സമയത്ത് തോമാശ്ലീഹ അവിടെ ഇല്ലായിരുന്നു. രണ്ടാം പ്രാവശ്യം തോമാശ്ലീഹായ്ക്കു വേണ്ടി പ്രത്യക്ഷനായ ക്രിസ്തു 'നിങ്ങൾക്ക്' സമാധാനം എന്നു പറഞ്ഞ് ശാസനയോ കുറ്റപ്പെടുത്തലോ ഇല്ലാതെ ആർദ്രതയോടെ പറയുകയാണ് "നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക എന്റെ കൈകളെ നോക്കുക, നീ കൈ നീട്ടി എന്റെ വിലാപുറത്ത് വച്ചു നോക്കുക. നീ അവിശ്വാസി ആകാതെ വിശ്വാസി ആയിരിക്കുക'. കർത്താവിന്റെ വാക്കുകൾക്ക് മറുപടിയായി തോമാശ്ലീഹാ ഏറ്റവും ശക്തവും, ദൃഢവും, അർത്ഥപൂർണ്ണവുമായ ഒരു വിശ്വാസപ്രഖ്യാപനം നടത്തി. "എന്റെ കർത്താവും ദൈവവുമായുള്ളോവേ". ഇവിടെ യേശുക്രിസ്തുവിനെ വ്യക്തിതലത്തിൽ കർത്താവും, ദൈവവുമായി അനുഭവിച്ചറിയുന്ന തോമാശ്ലീഹായെ നമുക്ക് ദർശിക്കുവാൻ സാധിക്കും ഈ വേദഭാഗം ധ്യാനിക്കുന്നതിലൂടെ ക്രിസ്തു നമ്മുടെ വ്യക്തിജീവിതത്തിൽ ആരാണെന്ന് കണ്ടുപിടിക്കുകയും അത് ഉറച്ച വിശ്വാസത്തോടെ ഏറ്റുപറയുകയും ചെയ്യുമ്പോൾ നാം ധന്യരാകും. തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തോളം സമഗ്രവും സമ്പൂർണ്ണവുമായ വിശ്വാസസാക്ഷ്യം നമ്മിൽനിന്ന് ഉണ്ടാവണം. അങ്ങനെ ക്രിസ്തുവിന്റെ സമാധാനം സമൂഹത്തിൽ പരത്തുവാനും തോമാശ്ലീഹായെപോലെ ഉറച്ച വിശ്വാസം പ്രഖ്യാപിക്കുവാനും നമുക്ക് ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

## പുതു ഞായറാഴ്ചക്കുശേഷം 1-ാം ഞായർ
## (വി. യോഹ. 21:1-14) 01-05-2022

ഉയിർത്തെഴുന്നേറ്റവനായ യേശുതമ്പുരാൻ തിബര്യാസ് കടൽക്കരയിൽ തന്റെ ശിഷ്യന്മാർക്ക് 3-ാമത് പ്രത്യക്ഷപ്പെടുന്ന ഭാഗമാണ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത് ശിഷ്യന്മാർ ഇവിടെ മീൻപിടിക്കാൻ പോകുന്നത് ക്രിസ്തുവിനോടുള്ള പ്രതിബദ്ധതയെയും, സുവിശേഷം പ്രസംഗിക്കുന്നതിനുള്ള വിളിയേയും ഉപേക്ഷിക്കുന്നു എന്ന് അർത്ഥമാക്കേണ്ടതില്ല. യേശു കല്ലറയിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് അവർ അറിഞ്ഞു, എന്നാൽ ആ സമയത്ത് എന്താണ് ചെയ്യേണ്ടതെന്ന് അവർ അറിഞ്ഞിരുന്നില്ല. തങ്ങളുടേയും കുടുംബങ്ങളുടേയും അഹോവൃത്തിക്കു മീൻ പിടിക്കാൻ പോകേണ്ടത് ഈ പുരുഷന്മാരെ സംബന്ധിച്ചിടത്തോളം ആവശ്യമായിരുന്നു. ഈ വേദഭാഗം നമുക്ക് നൽകുന്ന സന്ദേശങ്ങൾ ഒന്ന് പരിശോധിക്കാം.

1) നമ്മുടെ പ്രവർത്തനങ്ങൾ ക്രിസ്തു കേന്ദ്രീകൃതമാകണം.

ഇവിടെ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും നിരാശരായി കഴിയുന്ന ശിഷ്യസമൂഹത്തെയാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്. എന്നാൽ ക്രിസ്തു അവരുടെ അടുക്കലേക്ക് കടന്നുവന്ന് യഥാർത്ഥമായ ദിശ അവർക്ക് കാണിച്ചു നൽകിയപ്പോൾ അവരുടെ പ്രവർത്തനങ്ങൾക്ക് ഫലമുണ്ടാവുകയാണ്. നമ്മുടെ ജീവിതത്തിലെ സകല പ്രവർത്തനങ്ങളിലും കർത്താവിന്റെ മാർഗദർശനം നേടുന്നത് വളരെ പ്രധാനമാണ്. ക്രിസ്തുവിന്റെ സാന്നിദ്ധ്യവും അനുഗ്രഹവും വഴിനടത്തുന്ന കരവും കൂടാതെ നാം നമ്മുടെ ജീവിതം ചിലവഴിച്ചാൽ നാം ചെയ്യുന്നതെല്ലാം പരാജയവും പാഴ്വേലയും ആയിപ്പോകും. ആധുനിക കാലഘട്ടത്തിൽ മനുഷ്യൻ നേട്ടങ്ങൾ കൈവരിക്കുമ്പോളും ഉന്നതയിലെത്തുമ്പോളും, തന്റെ കഴിവുകളിൽ അഹങ്കരിച്ച് ക്രിസ്തുവിനെ ഉപേക്ഷിക്കുന്ന ഒരു പ്രവർത്തനമാണ് നാം കാണുന്നത്. അതിന്റെ അനന്തരഫലമോ, പരാജയവും നിരാശയും മാത്രമാണ്. ക്രിസ്തു കേന്ദ്രീകൃതമായ ഒരു ജീവിതം നയിച്ച്, മുന്നമേ അവന്റെ രാജ്യവും നീതിയും അന്വേഷിച്ചുകൊണ്ട് നാം ചെയ്യുന്ന പ്രവർത്തനങ്ങൾ അർത്ഥപൂർണ്ണവും ഫലഭൂയിഷ്ഠമുള്ളതുമായിത്തീരും.

2) രക്ഷയുടെ സാർവ്വത്രികത ഇവിടെ വെളിപ്പെടുകയാണ്.

11-ാം വാക്യത്തിൽ ക്രിസ്തു കാട്ടിയ ദിശയിൽ വല വീശിയപ്പോൾ നൂറ്റിയൻപത്തിമൂന്ന് വലിയതരം മീൻ നിറഞ്ഞ വല അവർ കരയ്ക്ക് വലിച്ചുകയറ്റി. അത്ര വളരെയേറെ ഭാരം ഉണ്ടായിട്ടും വല കീറിയില്ല എന്ന് തിരുവചനം സാക്ഷിക്കുന്നു. സഭാപിതാവായ വി. ജെറോം വ്യാഖ്യാനിക്കുന്നത് കടലിൽ 153 തരം മീനുണ്ടെന്നും, അത് ലോകത്തിലുള്ള എല്ലാ മനുഷ്യരെയും കുറിക്കുന്നു എന്നും ആണ്. ക്രിസ്തുവിന്റെ രക്ഷ ഏതെങ്കിലും പ്രത്യേക ഒരു വിഭാഗത്തിന് മാത്രമായിട്ടുള്ളതല്ല. അത് സകല ജാതികൾക്കുംവേണ്ടി ക്രമീകരിച്ചിട്ടുള്ളതാണ്. അതായത് ലോകത്തിലെ സകല വർഗ്ഗ വർണ്ണങ്ങളിലുമുള്ള മനുഷ്യരെയും ഉൾക്കൊള്ളാൻ കരുത്തുള്ളതാണ് ക്രിസ്തുസഭയെന്ന് ഇതിലൂടെ വെളിപ്പെടുത്തി. ഇവിടെ വെളിവാക്കുന്നത് രക്ഷയുടെ സാർവ്വത്രികതയാണ്. ക്രിസ്തുവിൽ ആശ്രയിച്ച് നമ്മുടെ പ്രവർത്തനങ്ങൾ നടത്തുവാനും എല്ലാ മനുഷ്യർക്കും ക്രിസ്തുവിന്റെ രക്ഷ അനുഭവവേദ്യമാകുവാനും ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

## പുതു ഞായറാഴ്ചക്കുശേഷം 2-ാം ഞായർ
## (വി. യോഹ. 4:31-38) 08-05-2022

യേശുതമ്പുരാൻ ശമര്യാക്കാരി സ്ത്രീയെ മാനസാന്തരപ്പെടുത്തുകയും താൻ മ്ശിഹാ ആണെന്ന് അവളെ ബോധ്യപ്പെടുത്തുകയും ചെയ്തതിനുശേഷം ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ കടന്നുവന്ന് ഭക്ഷണം കഴിക്കുവാൻ പറയുകയും, തന്റെ യഥാർത്ഥ ഭക്ഷണം എന്നത് "എന്നെ അയച്ചവന്റെ ഇഷ്ടം ആചരിക്കുകയും അവന്റെ പ്രവർത്തി നിവർത്തിക്കുന്നുമാണ്". എന്ന് കൽപ്പിക്കുകയും തുടർന്ന് ശമര്യാക്കാരി മുഖാന്തിരം ഒരു പട്ടണത്തെ മുഴുവനും രക്ഷയുടെ അനുഭവത്തിലേക്ക് കൊണ്ടുവരുന്നതുമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ലൗകികമായ ആഹാരത്തെക്കുറിച്ച് ആകുലത പൂണ്ട ശിഷ്യസമൂഹത്തോട് ആത്മീകമായ ആഹാരത്തെക്കുറിച്ചും ബോധവാന്മാരായിരിക്കണം എന്ന് ഉദ്ബോധിപ്പിക്കുകയാണ് ഈ തിരുവചനത്തിലൂടെ യേശു ക്രിസ്തു. ഇവിടെ ക്രിസ്തു പറയുന്നു എന്നെ അയച്ചവന്റെ ഇഷ്ടം ആചരിക്കുകയും അവന്റെ പ്രവൃത്തി നിവർത്തിക്കുന്നതുമാണ് എന്റെ ആഹാരം എന്ന്. എന്താണ് ക്രിസ്തുവിനെ അയച്ചവന്റെ ഇഷ്ടം എന്ന് ചിന്തിക്കുമ്പോൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്.

1) ദൈവജനത്തിന്റെ ശുദ്ധീകരണം

ദൈവത്തിന്റെ ഇഷ്ടം എന്നത് ദൈവജനത്തിന്റെ ശുദ്ധീകരണമാണ് എന്ന് 1 തെസലോനിക്യർ 4:3ൽ പൗലോസ്

അപ്പോസ്തലൻ നമുക്ക് കാണിച്ചുതരുന്നു. നാം നമ്മുടെ ദുർന്നടപ്പുകളെ വിട്ടൊഴിഞ്ഞ്, ദൈവത്തെ അറിയാത്ത ജാതികളെപ്പോലെ ജീവിക്കാതെ, വിശുദ്ധിയിലും മാനത്തിലും ജീവിക്കാൻ അപ്പസ്തോലൻ ഇവിടെ ആഹ്വാനം ചെയ്യുകയാണ്. ഈലോക ജീവിതയാത്രയിൽ നാം പലപ്പോഴും അശുദ്ധരായി മാറ്റപ്പെടുന്നുണ്ട്. എന്നാൽ ക്രിസ്തുവിന്റെ സമ്പർക്കത്തിലൂടെ പാപത്തിന്റെ അവസ്ഥയിൽനിന്നും ശുദ്ധീകരണം പ്രാപിച്ച അനേകം മനുഷ്യരെ തിരുവചനത്തിൽ നാം കാണുന്നുണ്ട്. അവരെപ്പോലെ അശുദ്ധിയിൽനിന്ന് ശുദ്ധീകരണം പ്രാപിച്ച് വെടിപ്പുള്ളവരായിത്തീരുവാൻ നമുക്ക് സാധിക്കണം.

2) സൽപ്രവർത്തികൾ ചെയ്യുക

രണ്ടാമതായി ദൈവത്തിന്റെ ഇഷ്ടം സൽപ്രവർത്തികൾ ചെയ്യുക എന്നതാണ്. പാമ്പാക്കുട നമസ്ക്കാരത്തിൽ ഞായർ സന്ധ്യയുടെ പ്രത്യേക പ്രാർത്ഥനയിൽ ഇപ്രകാരമാണ് പിതാക്കന്മാർ പ്രാർത്ഥിക്കുന്നത്. “കർത്താവേ, ഞായറാഴ്ച ദിവസത്തിൽ ഞങ്ങൾ വെടിപ്പോടും, വിശുദ്ധിയോടും കൂടി ശോഭിപ്പാനും നിനക്കിഷ്ടമുള്ള സൽപ്രവർത്തികളോടുകൂടി നിന്നെ സ്തുതിപ്പാനും ഞങ്ങൾ സന്തോഷത്തോടും ആനന്ദത്തോടുംകൂടി നിന്റെ വേദപ്രമാണങ്ങളെ ധ്യാനിച്ചുകൊണ്ട് നിന്റെ കല്പനകളെ ആചരിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ’’. ഇതിൽനിന്നും ദൈവിക ഇഷ്ടം മനോഗുണ പ്രവർത്തികൾ ചെയ്യുക എന്നതാണ് എന്നു നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഇന്ന് ദൈവസന്നിധിയിൽ പ്രീതീകരമാകുന്നതിനാണോ ലോക പ്രീതിക്കായിട്ടാണോ നാം സൽപ്രവർത്തികൾ ചെയ്യുന്നത് എന്ന് ഒന്ന് വിചിന്തനം ചെയ്യുന്നത് നന്നായിരിക്കും. നമ്മുടെ ജീവിതത്തിൽ ദൈവിക ഇഷ്ടം ആചരിക്കുന്നവരായി ഒന്ന് സ്വയം ശുദ്ധീകരിച്ച് ക്രിസ്തുവിന് പ്രീതികരമായ രീതിയിൽ മനോഗുണ പ്രവർത്തികൾ ചെയ്യുവാൻ നമുക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

## പുതു ഞായറാഴ്ചയ്ക്കുശേഷം 3-ാം ഞായർ
## (വി. യോഹ. 6:47-58) 15-05-2022

പ്രസ്തുത വേദഭാഗത്തിലൂടെ യേശു ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവന്റെ അപ്പമാണെന്നും അവൻ നിത്യജീവനെ നൽകുന്നുവെന്നും, വിശ്വാസികൾ ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം കുടിക്കുകയും വേണം എന്നും നിത്യജീവൻ പ്രാപിക്കുവാൻ ക്രിസ്തുവുമായുള്ള ഐക്യം ആവശ്യമാണെന്നും സുവിശേഷകൻ വിവരിച്ചിരിക്കുന്നു. ക്രിസ്തു ഇവിടെ ഇപ്രകാരം പറയുമ്പോൾ യഹൂദർ അവന്റെ വാക്കുകളെ എതിർക്കുന്നു. അവരുടെ മുൻവിധിയാണ് യേശുവിനെ വിശ്വസിക്കുന്നതിൽനിന്നും അവരെ തടയുന്നത്. 53-ാം വാക്യത്തിൽ യേശുവിന്റെ ശരീരരക്തങ്ങളിൽ പങ്കു ചേരാതെ ജീവൻ പ്രാപിക്കുവാൻ സാധ്യമല്ല എന്ന് ക്രിസ്തു പ്രഖ്യാപിക്കുകയാണ്. ഇപ്രകാരം ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്നവന് ലഭിക്കുന്നതെന്താണെന്ന് ഒന്ന് പരിശോധിക്കാം.

1) നിത്യജീവൻ ലഭിക്കുന്നു

യേശുക്രിസ്തുവിനെ സ്വീകരിക്കുന്നവർക്ക് അവൻ നൽകുന്ന ഏറ്റവും വലിയ വാഗ്ദത്തമാണ് നിത്യജീവൻ. മനുഷ്യൻ അവന്റെ സമയത്തിന്റെ അധികഭാഗവും ചിലവാക്കുന്നത് നശിച്ചുപോകുന്ന ആഹാരം സമ്പാദിക്കുന്നതിനും സൂക്ഷിക്കുന്നതിനും പാകം ചെയ്യുന്നതിനും അത് ഭക്ഷിക്കുന്നതിനും വേണ്ടിയാണ്. പക്ഷേ മനുഷ്യപുത്രൻ നമുക്ക് തരുന്ന നിത്യജീവനുവേണ്ടി സമയമോ സൗകര്യങ്ങളോ നാം മാറ്റിവയ്ക്കാറില്ല. പൗലോസ്ശ്ലീഹാ റോമർ 6:22-ൽ ഓർമ്മിപ്പിക്കുന്നു ഇപ്പോൾ പാപത്തിൽനിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് ദൈവത്തിന് ദാസന്മാരായിരിക്കുകയാൽ നിങ്ങൾക്ക് ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്ത്യം നിത്യജീവനുമാകുന്നു. അതുകൊണ്ട് പാപത്തിൽനിന്ന് സ്വതന്ത്രനായി ദൈവത്തോട് ചേർന്ന് മനുഷ്യപുത്രന്റെ ശരീരരക്തങ്ങൾ അനുഭവിച്ച് അവന് ഹിതമായി പ്രവർത്തിക്കുന്നവന് ദൈവം കൊടുക്കുന്ന ദാനമാണ് നിത്യജീവൻ. ഈ നിത്യജീവൻ സ്വായത്തമാക്കുവാൻ നമുക്ക് സാധിക്കണം..

2) നാം ക്രിസ്തുവിലും ക്രിസ്തു നമ്മിലും വസിക്കുന്നു.

യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നവർ ക്രിസ്തുവിലും ക്രിസ്തു അവരിലും വസിക്കുന്നു എന്ന് ക്രിസ്തു ഉറപ്പു നൽകുന്നു. ഇവിടെ ഒരു കൂദാശയിലൂടെയുള്ള ഒരു കൂട്ടായ്മയാണ് വെളിവാകുന്നത്. യേശുക്രിസ്തുവും പിതാവുമായുള്ള ബന്ധത്തിന്റെ ഒരു ഐക്യം പോലെ, കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നവരും ക്രിസ്തുവുമായി ഒരു ബന്ധം പുലർത്തുകയാണ്. ഈ നവീന കാലഘട്ടത്തിൽ നാമും നമ്മുടെ ക്രിസ്തുവുമായുള്ള ബന്ധം എങ്ങനെയെന്ന് ഒന്ന് പരിശോധിക്കേണ്ടത് അത്യന്താപേക്ഷിതമായ ഒരു സംഗതിയാണ്. ആ ബന്ധത്തിന് ഇന്ന് വിള്ളൽ സംഭവിച്ചിട്ടുണ്ടോ? ഉണ്ട് എങ്കിൽ കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിച്ച് നാം ക്രിസ്തുവിനോടും ക്രിസ്തു നമ്മിലും വസിക്കുന്ന ഒരു അനുഭവം രൂപപ്പെടുത്തണം. അപ്പോൾ ക്രിസ്തുവിന്റെ സ്വഭാവസവിശേഷതകൾ നമ്മിൽ പ്രതിഫലിക്കും. ക്രിസ്തുവിന്റെ കൺകളിലൂടെ കാണുവാൻ, ക്രിസ്തുവിന്റെ കാതുകളിലൂടെ കേൾക്കുവാൻ ക്രിസ്തുവിന്റെ സ്പർശനത്തിലൂടെ ഒന്ന് തൊടുവാൻ ക്രിസ്തുവിന്റെ അധരത്തിലൂടെ സംസാരിക്കാൻ ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ രൂപപ്പെടുവാൻ, നമുക്ക് ഇടയാകട്ടെ എന്നാശംസിക്കുന്നു. ●

## മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനം ചിങ്ങവനം സംയുക്ത വനിതാ മഹാസമ്മേളനം

ചിങ്ങവനം മേഖല വനിതാ സമാജം സംയുക്ത സമ്മേളനം 2022 ഏപ്രിൽ 29 വെള്ളിയാഴ്ച മന്ദിരം ഇംഗ്ളീഷ് മീഡിയം സ്കൂൾ ഹാളിൽ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നതാണ്. പ്രസ്തുത യോഗത്തിൽ റവ. ഫാ. സാബു വർഗ്ഗീസ് പുളിമൂട്ടിൽ മുഖ്യ പ്രഭാഷണം നടത്തുന്നതുമാണ്. ഈ സമ്മേളനത്തിൽ എല്ലാ വൈദികരും സുവിശേഷകരും വനിതാസമാജ അംഗങ്ങളും വന്ന് സംബന്ധിക്കുന്നതിന് കർത്തൃനാമത്തിൽ ക്ഷണിക്കുന്നു.




# ക്രിസ്തുവിന്റെ പുനരുത്ഥാനം നൽകുന്ന സന്ദേശം എന്ത്?

